Vol. 9. 1933 January. No. 1.
1108 ധനു, മകരം.

# മലങ്കര
# വിയോജിതൻ

## THE MALABAR SEPARATIST

പത്രാധിപർ:—കെ. വി. സൈമൺ.

"ഞാൻ ലോകത്തിൻെറ വെളിച്ചമാകുന്നു;
എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ
ജീവൻെറ വെളിച്ചമുള്ളവൻ ആകും."

ശ്രീയേശുക്രിസ്തു.

THE
NATIONAL PRINTING HOUSE, TIRUVALLA.
1933.

# The Malabar Separatist

A Christian Journal in Malayalam

K. V. Simon, Editor. C. K. Matthew, B. D. Sub-Editor.

## വിഷയവിവരം.


| | പേ |
|---|---|
| ക്രിസ്ത്‌മസ്‌മഹം (കവിത) | 1 |
| ഇരട്ടി ലാഹരി | 2 |
| ധ്യാനമഞ്ജരി | 10 |
| ചാപ്‌മാന്റെ സൂക്തികൾ | 15 |
| ദൈവം കരുണയുള്ളവൻ | 16 |
| ക്രിസ്തുവിനെക്കുറിച്ചു നിങ്ങൾക്കു എന്തു തോന്നുന്നു? | 18 |
| ആസ്യയിലെ ഏഴു സഭകൾ | 22 |


THE
NATIONAL PRINTING HOUSE, TIRUVALLA.
1933.

# മലങ്കര വിദ്യോജിതൻ.

വാല്യം 9. | 1933 ജനുവരി. | ലക്കം 1.

## ക്രിസ്തുമസ് മഹം.

(കേക)

1. ക്രിസ്തുവിൻതിരുനാളാണിമ്മഹം—അന്നാദേവൻ
ബെത്‌ലേമിൽ ജനിച്ചതു സ്മരിക്കുന്നിതാഞങ്ങൾ
അത്യന്താത്ഭുതകരകന്യകാജനനത്താൽ
പ്രകൃതിയെപ്പൂതമാക്കിത്തീർത്തോരുമർത്ത്യാർഭകാ!
നീതന്നെ യോഗീശ്വരൻ, നിർമ്മലൻ, നിരാകുലൻ
നീതന്നെ സർവ്വലോകബന്ധമോക്ഷകദ്വാരം!!

2 ക്രിസ്തുവിൻ തിരുനാളാണിമ്മഹം—നാമപ്പുറ–
സാമ്രാജ്യഗന്ധർവ്വർതൻ കാകളിയിന്നോതിനം,
ഇമ്മാനുവേൽതൻ ഗീയമാനാപദാനംപാട്ടും
നമ്മൾതൻ സംഗീതത്തിൻ "ശ്രുതി"യായ്ഭവിക്കട്ടെ!!

3 ക്രിസ്തുവിൻ തിരുനാളാണിമ്മഹാമഹം—ലോക–
മുതലാനംചെയ്തു തള്ളാറാകട്ടെ ദീപജാലം
അദ്ദിവ്യരുധിരത്താൽ സദയം വിലകൊണ്ട–
മർത്ത്യരെ നിജസ്വത്വം പൂകിക്കാനെപ്പോഴാവോ
എഴുന്നെള്ളുന്നു ക്രിസ്തൻ?—ആയതാരറിയുന്നു?
നിനവെ കിനാവുമായ് നാമെന്തിന്നുഴലുന്നു?

4 ക്രിസ്തുവിൻ തിരുനാളാണിമ്മഹ:മെങ്ങളിന്നാ
നിസ്തുലപ്രകാശത്തെ പ്രേക്ഷണം ചെയ്തീടുന്നു.

യാതൊന്നാപ്പരദേശമോക്ഷയാത്രക്കാരെല്ലാം
മോഹിക്കുന്നാരതം?—ആയതീ ശിശുവിൻെറ
ബാലഭാസ്കരബിംബാലോലമാം വദനത്തെ
ചാലവേ സമീക്ഷിച്ചു നിർവൃതി വരിപ്പതോ?
5 ലോകമേ! തവതർഷശാന്തിക്കെന്തിന്നായ്, ഹാ! നീ—
"പാറക്കല്ലുകളെണ്ണെക്കിപ്പിഴിയാനുഴറുന്നു!"
മേരിതൻ ശിശുവിൻെറ പാദാബ്ജസ്മരണയാൽ
നേരേനിൻ പാനപാത്രം സുധയാൽ നിറഞ്ഞീടും;
നിതരാം സ്വർഗ്ഗാനന്ദം പൂണ്ടു നീ ഭഗവാനെ
സ്തുതിക്കും പൊഴുതത്രു ഹാ! തുള്ളിത്തുളുമ്പീടും
6 കണ്ടകശീലാകീർണ്ണമാർഗ്ഗത്തിൽ നൊന്തുനൊന്തു
കണ്ണീരിക്കുംഞങ്ങൾക്കുത്തേജകരം സഹായംതാൻ;
നിത്യവും ഞങ്ങളൊത്തു വസിപ്പാനേശുദേവൻ
സത്വരമെഴുന്നെള്ളും!!—ആശ്വാസം വളരട്ടെ!!
7 ക്രിസ്തുവിൻ തിരുനാളാണിമ്മഹം; തവസദ—
യത്ഹിപ്പൂ കരപത്മം പിടിച്ചു നയിച്ചീടാൻ
വിശ്വാസദൈകവിളക്കുമങ്ങിപ്പോയ് പലർക്കും—ഹാ!
ശാശ്വതപരാനന്ദജ്യോതിസ്സ്വരൂപാ! ക്രിസ്തോ!
ഞങ്ങളെ സദയം നീ, താരകാപ്രകാണ്ഡമേ!
വീഴ്ഴമാനയിച്ചാലും ബേതലേം പുരിതന്നിൽ.

K. M. Vergis.

# ഇരട്ടിഓഹരി

2 രാജാ, 2: 1-15.

[എ. നെയ്സ്മിത്ത് എം. എ]

വിശുദ്ധ വചനത്തിൽ കാണുന്നതുപോലെ ക്രുദ്ധയായ ഒരു
രാജ്ഞിയുടെ ഭീഷണിയാൽ ഭീതനാവുകയും തന്നിമിത്തം
രാജനഗരിയിൽ നിന്നു ശൂന്യമായ മരുഭൂമിയിലേക്ക് ഓടി
പ്പോയി ചൂരച്ചെടിയുടെ കീഴിൽ അഭയം പ്രാപിക്കയും ചെയ്ത
ഘട്ടത്തിൽ ഒഴികെ എല്ലാ സന്ദർഭങ്ങളിലും ഏലിയാ, ദൈവ
ത്തിൻെറ [illegible] ശക്തിമാനും ഒരു ശ്രേഷ്ഠമായ വേല നിവർത്തി
ച്ചിട്ടുള്ളവനും ആയിരുന്നു. തിരുവെഴുത്തുകളിലെ മാന്യമായ

ീവിതകഥകളിൽ രണ്ടു മഹത്തുക്കളുടെ ജീവിതം സ്ഥാനം
പിടിച്ചിട്ടുണ്ടു്. ദൈവോദ്ദേശത്തിൽ ഇവർ ഏലിയായുടെ
ത്മാവിൽ നടക്കുവാൻ നിശ്ചയിക്കപ്പെട്ടവരായിരുന്നു. കു
ൂടി ശരിയായി പറകയെന്നിരുന്നാൽ ഏലിയായെ അ
വന്റെ ഭീമമായ വേലയ്ക്കു് പ്രാപ്തിപ്പെടുത്തിയ ശക്തിയിന്നാ
ത്മാവുകൊണ്ടു് അവർ പ്രേരിക്കപ്പെടേണ്ടവരായിരുന്നു. ഏലി
യായുടെ അടുത്ത അനുഗാമിയായ ഏലീശയും (2 രാജാ 3:15)
യോഹന്നാൻ സ്നാപകനും (ലൂക്കോ 1: 17) അത്രെ ഈ ഇരുവ
. ഇവരിൽ ഏലിശാ തന്റെ സമകാലികന്മാരായ എല്ലാ പ്ര
വാചകന്മാരേയുംകാൾ ഏലിയായോടു വളരെ അടുത്ത പരിച
യിക്കയും അവനോടുകൂടി അങ്ങുമിങ്ങും സഞ്ചരിക്കയും ആ
ദൈവമനുഷ്യൻ പ്രദർശിപ്പിച്ച വിശിഷ്ട ശക്തിയെ കാണുക
യും ആ ശക്തിക്കായി ആഗ്രഹിക്കയും ചെയ്തുകൊണ്ടിരുന്നു.
തന്റെ ഗ്രാമത്തിനടുത്തുള്ള വയലിൽവെച്ചു് ഏലിയായുടെ
വിളികേട്ടു്, കാളയും കലപ്പയും നിലവും വീട്ടുംസ്നേഹിതന്മാരെ
യും വിട്ടതുമുതൽ തന്റെ ഇഷ്ട യജമാനനായ ഏലിയായുടെ
ഗ്ഗാരോഹണനിമിഷംവരെ ഏലിശാ അദ്ദേഹത്തോടുകൂ
ടിത്തന്നെ ജീവിക്കയും അവന്റെ സുഖദുഃഖങ്ങളിൽ പങ്കു
കൊള്ളുകയും യാതൊരു പിറുപിറുപ്പും കൂടാതെ വിനയധുര
ധുരമായ തന്റെ സേവനകാലം മുഴുവൻ ആ പ്രവാചകന്റെ
ആവശ്യഘട്ടങ്ങളിൽ ശുശ്രൂഷിക്കയും അദ്ദേഹത്തിന്റെ കൈ
കൾക്കു വെള്ളം ഒഴിച്ചുകൊടുക്കയും ചെയ്തു. തനിക്കു വിളിയു
ണ്ടായതുമുതൽ പത്തുവർഷം ഇങ്ങിനെ കഴിഞ്ഞു. എന്നിട്ടും
ഏലീശാ ശക്തിയുള്ള ഒരു പ്രവാചകനായി ഇതുവരെ വെളി
പ്പെട്ടിരുന്നില്ല. എന്നാൽ ഏലിയായോടു അടുത്ത പരിചയ
ണ്ടായിരുന്ന വർഷങ്ങളെല്ലാം അദ്ദേഹത്തിന്റെ ശക്തിയു
ടെ മർമ്മത്തിലേക്കു് അവൻ സൂക്ഷിച്ചുനോക്കുകയും അദ്ദേഹ
ത്തിനുണ്ടായിരുന്ന പ്രത്യേകതരം ആത്മാവു് ലോകത്തിലു
ള്ള സമസ്തത്തേക്കാളും വിലയേറിയതെന്നു ഗ്രഹിക്കയും അ.
തിനുവേണ്ടി സർവ്വാധികമായി അഭിലഷിക്കുകയും ചെയ്തു.

എന്നാൽ ഈ സാധ്യം പ്രമാണിച്ചു് ഏലിയായുടെ അടു
ൽ ഒരു അപേക്ഷ സമർപ്പിക്കാൻ ഏലീശയ്ക്കു സൌകര്യപ്പെ
ട്ടു്, ആ വലിയ പ്രവാചകൻ ഉദ്യോഗകഞ്ചുകം ഊരിവയ്ക്കു
യും പ്രത്യക്ഷമായ തന്റെ പ്രവൃത്തിരംഗത്തു നിന്നു് ആന

ദകരമായ സ്വർഗ്ഗീയ വിശ്രമത്തിലേക്ക് ഒരു ചുഴലിക്കാററിൽ എടുത്തുകൊണ്ടു പോകപ്പെടുകയും ചെയ്തപ്പോഴാണ്. ഹൃദയസ്പർശകമായ ഈ കാഴ്ചയെ വർണ്ണിയ്ക്കുന്ന പ്രസ്തുത അദ്ധ്യായം എലീശയുടെ മൂന്ന് ഗുണവിശേഷങ്ങളെ നമുക്കു വെളിപ്പെടുത്തുന്നുണ്ട്. ഒന്നാമതായി കാണുന്നത് അവൻെറ നിർബന്ധം അഥവാ നിഷ്കർഷയാകുന്നു. ഏറ്റവും പ്രധാനമായി താൻ മതിച്ചിരുന്ന കാര്യം കരഗതമാകുന്നതിനുള്ള ഉദ്ദേശത്തിലും നിശ്ചയത്തിലും അവൻ കൈക്കൊണ്ടിരുന്ന അഭിനിവേശം മററുള്ള പ്രവാചക ശിഷ്യന്മാരിൽ നിന്ന് അവനെ വ്യതിരിക്തനാക്കിത്തീർക്കുന്നു. അവർക്കെല്ലാവർക്കും ആ മഹാപ്രവാചകൻ അന്ത്യയാത്ര ചെയ്യുകയാണെന്ന് അറിവുണ്ടായിരുന്നിട്ടും ആ കാര്യത്തിൽ എലീശയ്ക്കുണ്ടായിരുന്നതുപോലെ അഗാധവും വ്യക്തിഗതവുമായ ചിന്ത ഉണ്ടായതായി കാണുന്നില്ല. ഏലിയായുടെ വിയോഗത്തെപ്പററിയുണ്ടായിരുന്ന അറിവു അവരുടെ തലകളെ സ്പർശിച്ചു. എന്നാൽ ഹൃദയങ്ങളെ സ്പർശിച്ചില്ല. ഇന്നുള്ള ദൈവജനങ്ങളുടെ അവസ്ഥയും ഇതല്ലയോ? വീരോചിതമായ നിർണ്ണയത്തോടുകൂടി ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു ദൃഷ്ടിവച്ചും പുരോഗമനവീഥിയിൽ നിന്നു ഒഴിവാനുള്ള നിർബന്ധത്തെ വകവയ്ക്കാതെ മുന്നോട്ടു കുതിച്ചും, തൻെറ യജമാനൻ മഹിമയുടെ പടിവാതിലിൽ ചെന്നു നിൽക്കുന്നതുവരെ എലീശാ അദ്ദേഹത്തെ അനുഗമിക്കുന്നു. തിരിച്ചുപോകുകയെന്നുള്ളത് തൻെറ ദൃഷ്ടിക്കു മുൻപിൽ ഇരിക്കുന്നതും താൻ ആഗ്രഹിച്ചിട്ടുള്ളതുമായ ഇരട്ടി ഓഹരിയാകുന്ന വിരുതിനെ നഷ്ടപ്പെടുത്തുകതന്നെയാകുന്നു. നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ അനുഗ്രഹത്തിൻെറ പൂർണ്ണത ഉണ്ടാകണമെങ്കിൽ നാം അതിനു വിലകൊടുക്കേണ്ടിവരും. പ്രതിനിവർത്തനത്തെ നിഷേധിക്കുന്നതായ അഭേദ്യമായ നിശ്ചയവും ഉദ്ദേശസിദ്ധിക്കുവേണ്ടിയുള്ള സ്ഥിരനിഷ്ഠയും ഉറപ്പും നമുക്ക് ആവശ്യമാകുന്നു. മറഞ്ഞിരുന്ന അമേരിക്കാഖണ്ഡം കണ്ടുപിടിക്കുന്നതിന് ക്രിസ്റ്റോഫർ കൊളംബസ് ചെയ്ത യാത്രയെക്കുറിച്ച് അദ്ദേഹത്തിൻെറ ഡയറിയിൽ ഓരോ ദിവസവും കുറിച്ചിട്ടുള്ളത്, മുന്നോട്ടു പോകുക, മുന്നോട്ടു പോകുക, എന്നുള്ളതായിരുന്നുവെന്നു പറയപ്പെട്ടിരിക്കുന്നു. ഒരു പുതിയ ലോകം കണ്ടുപിടിക്കുന്നതിന് അവനെ നടത്തിയത് ആ "മുന്നോട്ട

പോകുന്നയത്രേ. ക്രിസ്തീയ ജീവിതത്തിൽ പുതിയ കണ്ടുപിടുത്തങ്ങളും ഉണ്ടാകുന്നതിനും പുതിയ അനുഗ്രഹങ്ങളും ലഭിക്കുന്നതിനും പൗലോസ് പറഞ്ഞിരിക്കുന്നതുപോലെ "ലക്ഷ്യത്തിന്നനേക്കാൾ നിർബന്ധപൂർവ്വം ഓടാതെ കഴികയില്ല. ഏലീശാ കടന്നുപോയിട്ടുള്ള സ്ഥലങ്ങൾ ഓരോന്നും ക്രിസ്തീയാനുഭവത്തിൽ നമുക്കുള്ള പുരോഗമനത്തിന്റെ വിവിധ ദശകളെ കുറിക്കുന്നു. അവയിൽ ഓരോന്നിനെപ്പറ്റിയും നമുക്കു ചിന്തിക്കാം:

1. ഗിൽഗാൽ. മനോഹരകാഴ്ചയോടുകൂടിയ ഈ സ്ഥലത്തു് അവൻ എത്തിച്ചേർന്ന എന്നുവരികിലും ഏലീശയെ തന്റെ യജമാനനെ വിട്ടുകളഞ്ഞു്; അവിടെ താമസിപ്പിക്കുവാൻ ആ സ്ഥലത്തിനു കഴിഞ്ഞില്ല. അവിടെ എത്തിയപ്പോൾ മുൻപു് യിസ്രായേല്യർ കനാൻനാട്ടിൽ പ്രവേശിച്ച അവസരം ഗിൽഗാലിൽ പാളയമുറപ്പിച്ച സംഗതി തീർച്ചയായി അവന്റെ ഓർമ്മയിൽ വന്നുകാണും. മൂർച്ചയുള്ള കല്ലുകൊണ്ടു് ഇസ്രായേല്യർ ചേല ചെയ്യപ്പെട്ടതും, തങ്ങൾ അനുഭവിക്കാൻ പോകുന്ന ദേശത്തെ ധാന്യത്തിൽനിന്നു് ആദ്യമായി ഭക്ഷിച്ചതും ഗിൽഗാലിൽവെച്ചായിരുന്നു. ഈ അനുഭവത്തെയത്രേ കൊലോസ്യലേഖനം മൂന്നാമദ്ധ്യായം സൂചിപ്പിക്കുന്നതു്. ഭൂമിയിലുള്ള നമ്മുടെ അവയവങ്ങളെ മരിപ്പിക്ക. ക്രിസ്തുവിനോടുകൂടി തേജസ്സിൽ വസിക്കുക എന്നീ സംഗതികളാണല്ലോ ഈ അദ്ധ്യായത്തിലെ പ്രതിപാദ്യം. ക്രിസ്തു നമുക്കു നിസ്സംശയമായും "ദേശത്തെ പുതിയ ധാന്യം"മാണല്ലോ.

2. വിശ്വാസപിതാക്കന്മാരിൽ ഒരുവനായ യാക്കോബിന്റെ ദർശനത്തെക്കുറിച്ചുള്ള ഓർമ്മകളോടുകൂടിയ ബെഥേൽ അത്രേ ഈ ഗുരുശിഷ്യന്മാരുടെ പിന്നത്തെ താവളം. ഈ കാലത്തു അതിരുകവിഞ്ഞ ദുഷ്ടതയുടേയും, കാളക്കുട്ടിയെവച്ചുകൊണ്ടുള്ള വിഗ്രഹാരാധനയുടേയും സ്ഥലമായിരുന്നുവെങ്കിലും ഒരിക്കൽ അതു ദൈവസംസർഗ്ഗത്തിനുള്ള സ്ഥലം അതായതു ദൈവഭവനമായിരുന്നു. അവിടെയാണു് രാത്രിയാമങ്ങളിൽ യഹൂദജാതിയുടെ പിതാവായ ഇസ്രായേൽ ദൈവവുമായി സംസർഗ്ഗം ചെയ്തതു്. ദൈവസംസർഗ്ഗം നമുക്കും ഇരട്ടി ഓഹരിയിലേക്കുള്ള പാതയ്ക്കൂട്ടത്തെ സ്ഥിതി ചെയ്യുന്നതു്.

3. അടുത്ത സ്ഥലം യറീഹോ ആണു്. ഇതു ദേശത്തി

ന്റെ അന്ത്യത്തിലത്രെ. വിശ്വാസം ജയം പ്രാപിക്കുന്നതിനെയാണ് ഇതു കാണിക്കുന്നതു്. ഇസ്രായേൽ യറീഹോയുമായി യുദ്ധത്തിൽ പ്രവേശിച്ചു. യുദ്ധം അവരുടേതല്ലെന്നും നേരേമറിച്ചു യഹോവയ്ക്കുള്ളതാണെന്നും അവർ അവിടെവച്ചു പഠിച്ചു എന്നു മാത്രമല്ല. അവൎക്കുവേണ്ടിയുള്ള ദൈവശക്തിയുടെ അത്ഭുതകരമായ വ്യാപാരത്തെയും അവർ കണ്ണുകൊണ്ടു കണ്ടു. നാമും മുന്നോട്ടു പോകുന്നപക്ഷം യറീഹോവിൽ കടക്കാതിരിക്കയില്ല—എന്നാൽ അവിടെവച്ചു നമുക്കു ലഭിച്ചിട്ടുള്ള പഴയ വിജയങ്ങളെക്കുറിച്ചു പ്രശംസിച്ചുകൊണ്ടു അവിടെ ഇരുന്നുപോകരുതു്. കാരണം യജമാനനോടു പറ്റിച്ചേൎന്നു നടക്കുന്നതിനാൽ മാത്രമേ അനേകം പുതിയ കൊള്ളകൾ നമുക്കു കൈവശപ്പെടുവാൻ സാധിക്കയുള്ളു.

“അങ്ങിനെ അവർ ഇരുവരും പോയി.” അവരുടെ കാലുകൾ ആൎദ്രമായ യോർദ്ദാന്റെ തീരത്തു നില്ക്കുകയും, ഉണങ്ങിയ നിലത്തുകൂടി അവർ അതിനെ കടക്കുകയും ചെയ്യുന്നതുവരെയ്ക്കും താഴ്വരയിലേക്കു് അവർ ഇറങ്ങിയിറങ്ങിപ്പോയ്ക്കൊണ്ടിരുന്നു. നാം ക്രിസ്തുവിനോടുകൂടി യോർദ്ദാനെയും കടക്കുന്നു. കാരണം, നമ്മുടെ മരണത്തേയും ക്രിസ്തുവിനോടുകൂടിയുള്ള നമ്മുടെ ഉയിൎപ്പിനേയും കാണിക്കുന്നതത്രെ അതു്. ദൈവത്തിന്റെ ഉയൎന്ന തരം ദാനം നമുക്കു ലഭിക്കുന്നതിന്നു് അവന്റെ മരണത്തിന്റെ സാദൃശ്യത്തിൽ അവനോടു നാം അനുരൂപപ്പെടുകയും അവന്റെ ഉയിൎപ്പിൻശക്തിയെ അനുഭവപ്പെടുത്തുകയും വേണ്ടതാകുന്നു.

എലീശായുടെ ഉദ്ദിഷ്ടസിദ്ധിക്കുള്ള സന്ദർഭം ഒടുവിൽ വന്നു. എങ്ങിനെയെന്നാൽ. ഏലിയാ തന്റെ ഔദാൎയ്യബുദ്ധിയിൽനിന്നു് “നിനക്കുവേണ്ടി ഞാൻ എന്തു ചെയ്യേണമോ അതു ചോദിച്ചുകൊൾക” എന്നിങ്ങനെ അവനോടു പറകയുണ്ടായി. ഈ ചോദ്യം എലീശാ അനുഭവിപ്പാൻ ആഗ്രഹിച്ചുകൊണ്ടിരുന്ന നിക്ഷേപങ്ങളുടെ മുറിയുടെ വാതിൽ അവനു തുറന്നുകൊടുക്കുന്ന ഒരു ചോദ്യമായിരുന്നു. ഇതു കഴിഞ്ഞ ഉടൻ എലിശയുടെ സങ്കടഹൎജ്ജിയുണ്ടാകുന്നു. പത്തു കൊല്ലത്തിനുമുമ്പു് സകല ലൗകികൈശ്വൎയ്യങ്ങളേയും എലിശാ പരിത്യജിച്ചിരുന്നതുകൊണ്ടു് ഇഹലോകൈശ്വൎയ്യങ്ങൾ ശിഷ്യന്റെ ഹൃദയത്തിൽ സ്ഥാനം പിടിച്ചിരുന്നില്ല. എന്നാൽ തന്നിമി

ത്തം അവയെപ്പററി അവന്ന ലേശം അപേക്ഷയില്ല. ഇനി
രിക്കലും തനിക്ക ലഭിക്കുവാൻ ഇടയില്ലാത്ത ഈ സുവർണ്ണാവ
സരത്തെ അവൻ ശരിയായി ഉപയോഗിച്ചു. അതായത്, അ
വൻ തന്റെ ഹൃദയത്തിലുള്ള ആഗ്രഹത്തെ യജമാനനോട്
അറിയിച്ചു. ഏററവും പ്രയാസമുള്ള ഒരു സംഗതിയാണ് അ
വൻ ചോദിച്ചത് എന്നിരിക്കിലും അവൻ ചോദിച്ചത് എന്ത്
എന്ന് അവൻ നല്ലവണ്ണം അറിഞ്ഞിരുന്നു. ഇസ്സംഗതിയി
ൽ ഏലിയാ എങ്ങിനെയിരുന്നുവോ അങ്ങിനെതന്നെയാണ്
ഉന്നു ദൈവം തന്റെ ജനങ്ങളുടെനേരെ ഇരിക്കുന്നതും. ദൈ
വം ശലോമോനോടു പറഞ്ഞത് "ഞാൻ നിനക്ക തരുവാനി
ച്ഛിക്കുന്നതിനെ ചോദിച്ചുകൊൾക" എന്നാകുന്നു. എന്റെ നാ
മത്തിൽ നിങ്ങൾ എന്തു ചോദിച്ചാലും ഞാൻ അതു ചെയ്യും
എന്നുള്ള വാഗ്ദാനത്തോടുകൂടി എന്തും ചോദിച്ചുകൊൾവാൻ ന
മ്മുടെ കർത്താവും കല്പിക്കുന്നു.

തന്റെ യജമാനന്റെ ആത്മാവിൽ ഇരട്ടി ഓഹരിയാ
ണല്ലൊ ഏലിശാ ആവശ്യപ്പെട്ടത്. ഇതിനാൽ ഏലിശാ
ഏലിയായുടെ മൂത്തപുത്രന്റെ സ്ഥാനത്തു കാണപ്പെടുന്നു. കാ
രണം ഇരട്ടി ഓഹരിയെന്നതു പ്രഥമജാതന്റെ അവകാശമ
ത്രെ. (ആവ 21: 17) ഇങ്ങനെ കൊടുക്കപ്പെടുന്നത് അവരിൽ
പിതാവിന്റെ നാമത്തിന്റെ ബഹുമാനത്തെ നിലനിർത്തുന്ന
തിന് അവനെ പ്രാപ്തിപ്പെടുത്തുവാനാകുന്നു. ഇപ്പോൾ ഓരോ
സത്യവിശ്വാസിക്കും തങ്ങൾ ദൈവത്തിങ്കൽ നിന്നാകുന്നുവെ
ന്ന വാദിപ്പാൻ കഴിയും. നാം "ആദ്യജാതന്മാരുടെ സഭ" (എ
ബ്രാ 12: 23) യ്ക്കുള്ളവരാകയാൽ നാം എല്ലാവരും ആദ്യജാ
തന്മാർ തന്നെ. കർത്താവിനെ നിരീക്ഷിക്കുന്നേ കാഴ്ച നാം കാ
ക്കുമ്പോൾ അവന്റെ വലിയനാമത്തിന്റെ ബഹുമാനത്തെ
ഉയർത്തിക്കാണിക്കുന്നതിന് അവന്റെ ആദ്യജാതന്മാർക്കുള്ള ഓ
ഹരി വ്യക്തിപരമായി നമുക്കുണ്ടായിരിക്കേണ്ടതു നിർബന്ധ
മാകുന്നു. എല്ലാ ആദ്യജാതന്മാരും യജമാനൻ നൽകുന്ന ഈ
അവകാശത്തെ അനുഭവിക്കുന്നില്ലെന്നുള്ളതു കഷ്ടംതന്നെ. ഏ
ലിശാ ചെയ്തതുപോലെ നാം വ്യവസ്ഥകളെ നിവർത്തിക്ക മാ
ത്രം ചെയ്യുന്നതായാൽ അവകാശവും അനുഭവവും നമുക്കുള്ളതാ
യിരിക്കും. ഇങ്ങനെയുള്ളവൻ സ്ഥിരനിഷ്ഠയോടുകൂടി തന്റെ
യജമാനന്റെ അടുത്തു ജീവിക്കയും അതു ലഭിക്കുവാൻ അ

ന്ത്യംവരെ നിലകാക്കുകയും ചെയ്യേണ്ടതാകുന്നു. കൂടാതെ അവന്റെ ശിഷ്യത്വം വാസ്തവമായിരിക്കണം. ലൂക്ക് 9: 62. പുറത്തേക്കു പോകുന്ന തങ്ങളുടെ പ്രവാചകന്റെ രൂപത്തെ ഒരു നോക്കു കാണുന്നതിന് സ്വന്തം പഠനശാലകളിൽ സുഖേന താമസിച്ചുകളകയോ, അല്ലാത്തപക്ഷം സ്വന്ത നഗരത്തിന്റെ അതിർത്തിയിൽ മാത്രം കൂട്ടംകൂടി നിൽക്കുകയോ ചെയ്യുന്ന യുവപ്രവാചകന്മാർക്കു ഇങ്ങിനെയൊന്ന് ആശിപ്പാൻ വകയില്ലായിരുന്നു.

ഞാൻ നിന്നിൽ നിന്ന് എടുക്കപ്പെട്ടപ്പോൾ നീ എന്നെക്കാണുന്നുവെങ്കിൽ നിനക്കതു സാധിക്കുമെന്ന് ഏലിയാ പറയുന്നു. ഇതിന്റെ അർത്ഥം ആരോഹണം ചെയ്യുന്ന പ്രവാചകന്റെ മേൽ അവന്റെ കണ്ണുകൾ പതിക്കേണ്ടതാണെന്നത്രേ. ഈ വാക്കു കേട്ട നിമിഷം മുതൽക്കുതന്നെ ഏലിശാ തന്റെ കണ്ണുകളെ ഏലിയാവിന്മേൽ ശക്തിയായി പതിച്ചു എന്നും കണ്ണുകളെ മഞ്ഞളിക്കുന്ന സ്വർഗ്ഗീയതേജസ്സിനുപോലും ആരോഹണം ചെയ്യുന്ന പ്രവാചകനിൽ നിന്നു ഏലീശായുടെ ദൃഷ്ടിയെ അകറ്റുന്നതിനു ശക്തിയുണ്ടായില്ലെന്നും നമുക്ക് ഊഹിപ്പാൻ കഴിയും. കയറിപ്പോകുന്ന ക്രിസ്തുവിന്റെ—അതായതു തേജസ്വീകൃതനായ ക്രിസ്തുവിന്റെ ദർശനം നമുക്കു ദിവ്യശക്തിയുടെ പുതിയ അനുഭവത്തെ കൊണ്ടു വരികയും നമ്മുടെ ജീവിതരീതിയെ ഭേദപ്പെടുത്തുകയും ചെയ്യും.

ഒൻപതു ശതാബ്ദങ്ങൾക്കു പിൻപ് മറ്റൊരു ചെറിയ കൂട്ടം ആളുകൾ യരുശലേം വിടുന്നതും, അവരുടെ യജമാനൻ അവരെ ഒലിവുമലയിലേക്കു നടത്തുന്നതും, അവിടെ നിന്ന് അവൻ അവരെ അനുഗ്രഹിപ്പാൻ വിരിച്ചകൈകളോടുകൂടി മേഘത്തിൽ ജയഘോഷസഹിതം എടുത്തുകൊള്ളപ്പെടുന്നതും സ്വർഗ്ഗങ്ങളുടെ അവൻ അപ്രത്യക്ഷനാകുന്നതുമായ ചിത്രം നാം ഒന്നു നോക്കുക. പർവ്വതത്തിന്റെ മുകളിൽ ഭയകമ്പിതരായിട്ടെങ്കിലും സ്ഥിരമായി അവനെ അനുഗമിച്ച ഏതാനും ശിഷ്യന്മാർ ആരോഹണം ചെയ്ത കർത്താവിനെ നിർനിമേഷം നോക്കിക്കൊണ്ടു നിൽക്കുന്നതും, സ്വർഗ്ഗത്തെക്കുതന്നെ അവരുടെ കണ്ണുകൾ പതിഞ്ഞിരിക്കുന്നതും നമുക്കു കാണ്മാൻ സാധിക്കും. നമ്മെ അനുഗ്രഹിക്കുന്നതിനെക്കുറിച്ചുള്ള അവന്റെ തല്ക്കാലമനോഭാവം എങ്ങിനെയിരിക്കുന്നുവെന്നും, നാം അവന് എന്തായിത്തീരണമെന്നും അവിടെ സ്പഷ്ടമായി കാണി

കപ്പെട്ടിരിക്കുന്നു. അന്നു്, അതു്, അവരുടെ അനുഭവത്തിൽ എന്നപോലെ ഇന്നു് നമ്മുടെ അനുഭവത്തിലും യോജിച്ചിരിക്കും. അതായതു്, അവനെ സ്തുതിക്കുന്നതിനു് അധരങ്ങളും ഹൃദയവും ഏകോപിച്ചു പ്രവർത്തിക്കുന്ന പ്രവർത്തനമണ്ഡലത്തിലേക്കുള്ള ഒരു തിരിച്ചുവരവും, ശക്തിയോടുകൂടി സാക്ഷ്യത്തിനെ പരസ്യം ചെയ്യുന്നതിനു നമ്മുടെ മുമ്പിൽ പുത്തനായ ഒരു സാക്ഷീയദർശനത്തോടുകൂടി പുറപ്പെട്ടുപോകുവാൻ നമ്മെ തൃപ്തിപ്പെടുത്തുന്ന ഒരു പെന്തിക്കോസ്തും ആയിരിക്കാം ഈ അനുഭവത്തിന്റെ രണ്ടുഭാഗങ്ങൾ.

ഏലിശായുടെ ശക്തി എല്ലാവർക്കും സ്പഷ്ടീഭവിക്കയും അവൻ വലിയ കാര്യങ്ങൾ ചെയ്‌വാൻ ആരംഭിക്കയും ചെയ്തു. താഴ്മയുള്ള ശിഷ്യത്വത്തിന്റെ പാതയിലേക്കു് അവനെ വിളിച്ചപ്പോൾ അവന്റെ മേൽ വീണിരുന്ന വസ്ത്രം ഏലിയായുടെ സ്ഥാനത്തെ പൂർത്തീകരിക്കുന്നതിനുള്ള പ്രസ്ഥാനത്തിൽ അവന്റെ പ്രതിഷ്ഠയുടെ അടയാളമായി നൽകപ്പെട്ടു. എന്നാൽ യോർദാനിലെ വെള്ളങ്ങളെ എലീശാ വീണ്ടും ഭാഗിക്കുന്നതിനു മുമ്പുള്ള ആ വസ്ത്രത്തിന്റെ സ്പർശനം എലീശയ്ക്കു അടുത്ത കിട്ടിയ ശക്തിയുടെ സഹകരണം കൂടാതെ നിഷ്ഫലീഭവിക്കുമായിരുന്നു. ഭാഗ്യവശാൽ തനിക്കു ലഭിച്ച ആത്മീയസമ്പന്നതയുടെ ഒന്നാം തെളിവു് ഇവിടെ കാണുന്നു. ഏവംവിധം ലബ്ധമായ അനുഗ്രഹം സ്വയം വിശദീഭവിച്ചു. വിശുദ്ധ ഗ്രന്ഥത്തിന്റെ ഏതാനും അടുത്ത അധ്യായങ്ങളിൽ ഏലിശാ ദൈവത്തിന്റെ സത്യമനുഷ്യനായിരുന്നു എന്നുള്ളതിനു അസംഖ്യം തെളിവു കാണുന്നുണ്ടു്. പ്രവാചകശിഷ്യന്മാർ പക്ഷേ, വളരെ അത്ഭുതത്തോടുകൂടിയും സംശയമെന്യേ തുഷ്ടിയോടുകൂടിയും ഏലിശയ്ക്കുണ്ടായ ഭേദഗതി കണ്ടുപിടിക്കയും "ഏലിയായുടെ ആത്മാവു് എലീശായുടെ മേൽ അധിവസിക്കുന്നു" എന്നു സമ്മതിച്ചു പറകയും ചെയ്യുന്നു. 2 രാജാ. 2: 15. യഹോശാഫാത്തു് ഒരു വിഷമഘട്ടത്തിൽ യഹോവയുടെ ഒരു പ്രവാചകനെ ആവശ്യപ്പെടുകയും ഒരുവൻ ഏലിശായുടെ പേരു പറഞ്ഞപ്പോൾ യഹോശാഫാത്തു് അവന്റെ വാക്കിലുള്ള ദൈവികശക്തിക്കു് സാക്ഷ്യം പകരുന്നതായ 2 രാജാ. 3: 12-ൽ കാണുകയും ചെയ്യുന്നു. ശൂനേംകാരത്തിയായ ഒരു മഹതിക്കു് തന്റെ വഴിയെ കൂടക്കൂടെ കടന്നുപോകയും ചിലപ്പോഴൊക്കെ തന്റെ ഭവനത്തിൽ വന്നു് ഇത

ധ്യം കൈക്കൊള്ളുകയും ചെയ്ത എലീശാ വിശുദ്ധനാ
ഒരു ദൈവപുരുഷനെന്ന് ബോധപ്പെടുകയുണ്ടായി. 2 രാ
4: 9 എലീശയുടെ പിന്നത്തെ ജീവിതകഥ, ദൈവസ
ധിയിൽ നിന്നു നാം ഇരട്ടി ഓഹരി പ്രാപിക്കുന്നെങ്കിൽ
മ്മുടെ ജീവിതം എന്തായിത്തീരുമെന്നുള്ളതിന് ഒരു ദൃഷ്ടാ
പാഠമാണ്. നമ്മെ മുഴുവൻ തനിക്ക് അധീനപ്പെടുത്ത
മെന്നുള്ളതത്രെ ദൈവത്തിൻെറ ശക്തിമത്തായ അഭിലാഷ

---

# ധ്യാ ന മ ഞ്ജ രി

(തുടർച്ച)

(C. H. M)

## പു റ പ്പാ ടു പു സ്ത കം

### അദ്ധ്യായം 3.

---

യഹോവ അരുളിച്ചെയ്തു:—"മിസ്രയീമിലുള്ള എൻെ
ജനത്തിൻെറ കഷ്ടത ഞാൻ കണ്ടു; ഊഴിയവിചാരകന്മാർ നി
മിത്തമുള്ള അവരുടെ നിലവിളിയും കേട്ടു; ഞാൻ അവരുടെ
സങ്കടങ്ങൾ അറിയുന്നു. അവരെ മിസ്രയീമ്യരുടെ കയ്യിൽ
നിന്നു വിടുവിപ്പാനും, ആ ദേശത്തുനിന്നു നല്ലതും വിശാലവു
മായ ദേശത്തേക്ക്, പാലും തേനും ഒഴുകുന്ന ദേശത്തേക്ക്, അ
വരെ കൊണ്ടുപോകുവാനും ഞാൻ ഇറങ്ങിവന്നിരിക്കുന്നു. ഇസ്രാ
യേൽ മക്കളുടെ നിലവിളി എൻെറ അടുക്കൽ എത്തിയിരി
ക്കുന്നു: മിസ്രയീമ്യർ അവരെ ഞെരുക്കുന്ന ഞെരുക്കവും ഞാൻ
കണ്ടിരിക്കുന്നു." (3: 7_9) ഇവിടെ അബ്രഹാമിൻെറയും തൻ
സന്തതിയുടെയും ദൈവമായവൻെറ സ്വാതന്ത്ര്യവും സൌജന്യ
വും വ്യവസ്ഥാരഹിതവുമായ കൃപ, 'എങ്കിൽ' ശബ്ദംകൊ
ണ്ടോ, 'എന്നാൽ' ശബ്ദം കൊണ്ടോ നേർച്ചകൾ, തീർച്ചക
ൾ, ന്യായബോധത്തിൻെറ ഫലമായി മനുഷ്യൻ വെച്ചിട്ടുള്ള
വ്യവസ്ഥകൾ എന്നിവകൊണ്ടോ പ്രതിബന്ധിക്കപ്പെടാത്ത
തും സ്വതസ്സിദ്ധവുമായ പൂർണ്ണകാന്തിയിൽ പ്രകാശിക്കുന്നു. ര
ക്ഷയുടെ മഴപ്രവൃത്തിയെ ചെയ്യുന്നതിന്, അതായത് അബ്ര
ഹാമിനു നൽകിയിട്ടുള്ളതും, ഇസഹാക്കിനും യാക്കോബിനും

ുവർത്തിക്കപ്പെട്ടതുമായ വാഗ്ദാനത്തെ നിറവേററുന്നതിനു്; ദൈവം തന്റെ സ്വതന്ത്രകരുണയിൽ തന്നെ വിടുത്തു കാട്ടു വാൻ ഇറങ്ങിവന്നിരുന്നു. തന്റെ വാഗ്ദാനത്തിന്റെ പരിഗ്ര ഹീതാക്കളായ പ്രജകൾ വാസ്തവത്തിൽ തന്റെ രക്ഷയ്ക്കു് ർഹതയുള്ള നിലയിൽ ഇരിക്കുന്നുണ്ടോ എന്നു നോക്കുന്ന തിനു് ഇടയായിട്ടല്ല അവൻ ഇറങ്ങിവന്നിരുന്നതു്. അവർക്കു തിനു് ആവശ്യമുണ്ടെന്നു് അവനു് അറിഞ്ഞാൽ മാത്രം മ തിയായിരുന്നു. അവരുടെ പീഡിതസ്ഥിതി, അവരുടെ ദുഃഖ ങ്ങൾ; അവരുടെ കണ്ണുനീരുകൾ, അവരുടെ ദീർഘശ്വാസ ങ്ങൾ, അവരുടെ ഭാരമുള്ള അടിമത്വം എന്നിവയെല്ലാം അ വന്റെ മുമ്പിൽ പരിശോധനയ്ക്കായി വന്നിരുന്നു. കാരണം, തന്റെ നാമം വാഴ്ത്തപ്പെട്ടതാകട്ടെ—അവൻ തന്റെ ജനത്തി ന്റെ നെടുവീർപ്പുകളെ എണ്ണുകയും തന്റെ തുരുത്തിയിൽ അ വരുടെ കണ്ണുനീരുകളെ പകർന്നുവയ്ക്കുകയും ചെയ്യുന്നു. അവരുടെ വൈശിഷ്ട്യങ്ങളാലോ, അവരുടെ സൽഗുണങ്ങളാലോ അവൻ ആകർഷിക്കപ്പെട്ടില്ല. അവൻ അവരെ സന്ദർശിക്കാൻ ഉദ്ദേശി ച്ചതു തല്ക്കാലം കാണപ്പെട്ടതോ മേലാൽ അവരിൽ കാണപ്പെട ുമെന്നു താൻ ഊഹിച്ചതോ ആയ ഏതെങ്കിലും നന്മനിമിത്ത ല്ല. കാരണം, അവരിൽ ഉള്ളതെന്തെന്നു് അവനു് അറിയാൻ കഴിയുമായിരുന്നു. ഒററ വാക്കിൽ പറഞ്ഞാൽ "ഞാൻ അബ്ര ഹാമിന്റെ ദൈവമാകുന്നു" "ഞാൻ എന്റെ ജനത്തിന്റെ കഷ്ട ത കണ്ടിരിക്കുന്നു." എന്നീ വാക്കുകളിൽ അവന്റെ കൃപയുള്ള പ്രവൃത്തിയുടെ യഥാർത്ഥമായ കാരണം നാം കാണുന്നുണ്ടു്.

പ്രസ്തുത വാക്കുകൾ ദൈവവഴിയിലുള്ള അടിസ്ഥാനഭൂ തമായ ഒരു വലിയ പ്രമാണത്തെ നമുക്കു വെളിപ്പെടുത്തു ന്നു. അവൻ എന്താകുന്നുവെന്നും, അവൻ എപ്പോഴും പ്രവ ർത്തിക്കുന്നു എന്നും ഉള്ള അടിസ്ഥാനത്തിന്മേലത്രെ അ ു സ്ഥിതി ചെയ്യുന്നതു്. എന്റെ ജനത്തിനു "ഞാൻ ആകുന്നു" അഥവാ "ഞാൻ ഇരിക്കുന്നു" എന്നുള്ള വാക്കു സക ലവും ഉറപ്പിച്ചുകൊടുക്കുന്നു. തീർച്ചയായും അവൻ തന്റെ ജ നത്തെ മിസ്രയീമിലെ ഇഷ്ടികച്ചൂളയുടെ ഇടയിലും, ഫറവോ ന്റെ ഉഗ്രവിചാരിപ്പുകാരുടെ പ്രഹരത്തിലും വിട്ടുകളവാ ൻ ഉദ്ദേശിച്ചിരുന്നില്ല. അവർ അവന്റെ ജനമായിരുന്നു. ന്നിക്കു ചേരുന്ന രീതിയിൽ മാത്രമെ അവൻ അവരോടു് ഇ

ടപ്പെടുകയുള്ളൂ. അവന്റെ ജനമായിരിക്ക, യഹോവായുടെ തെരഞ്ഞെടുപ്പിൻസ്നേഹത്തിന്റെ വാത്സല്യപാത്രങ്ങളായിരിക്ക, അവന്റെ വ്യവസ്ഥാരഹിതമായ വാഗ്ദാനത്തിന്റെ പരിഗ്രഹീതാക്കളായിരിക്ക എന്നുള്ളത് സകല സംഗതികളേയും തീർച്ച വരുത്തുന്ന ഒന്നായിരുന്നു. ആർക്കുവേണ്ടി അവന്റെ നിത്യോദ്ദേശം കനാൻനാടിനെ ഉറപ്പാക്കിക്കൊടുത്തുവോ? അവരോടുള്ള അവന്റെ സംബന്ധത്തെ ജനസമക്ഷം പ്രകടീകരിക്കുന്നതിന് യാതൊന്നും തടസ്സമായിത്തീർന്നില്ല. അവരെ വിടുവിപ്പാൻ അവൻ വന്നു. ഭൂമിയുടെയും നരകത്തിന്റെയും ഏകീഭവിച്ചുള്ള ശക്തിക്ക് അവന്റെ നിശ്ചിതസമയം കഴിഞ്ഞു ഒരു മണിക്കൂർ നേരത്തേക്കെങ്കിലും അവരെ അടിമയിൽ വെച്ചുകൊള്ളുവാൻ കഴിഞ്ഞില്ല. അവൻ എജിപ്തിനെ ഒരു പാഠശാലയായും ഫറോവിനെ ഒരദ്ധ്യാപകനായും ഉപയോഗിപ്പാൻ നിശ്ചയിച്ചു. അങ്ങിനെ അവൻ ചെയ്കയും ചെയ്തു. എന്നാൽ ആവശ്യപ്പെട്ടിടത്തോളമുള്ള പഠനം നടന്നു കഴിഞ്ഞപ്പോൾ പാഠശാലയേയും അദ്ധ്യാപകനേയും വിട്ടുകളഞ്ഞു. അവന്റെ ജനം ഉയർന്ന കൈകൊണ്ടും നീട്ടിയ ഭുജംകൊണ്ടും പുറത്തു കൊണ്ടുപോകപ്പെട്ടു.

അതുകൊണ്ട് ഹോറേബിൽവെച്ചു മോശയ്ക്കു കൊടുത്ത വെളിപ്പാടിന്റെ ദ്വിവിധമായ സ്വഭാവം ഇതായിരുന്നുവെന്നു മനസ്സിലാക്കാം. അവൻ കണ്ടതും അവൻ കേട്ടതും വിശുദ്ധിയുടേയും കൃപയുടേയും രണ്ടു തത്വങ്ങളെ സങ്കലനം ചെയ്തിരുന്നു. ഈ തത്വങ്ങൾ അറിയുന്നിടത്തോളം വാഴ്ത്തപ്പെട്ട ദൈവത്തിന്റെ എല്ലാ വഴികളേയും എല്ലാ സംബന്ധങ്ങളേയും ഉൾപ്പെടുത്തിയിട്ടുള്ളതും അവയെ വേർതിരിച്ചു കാണിക്കുന്നതുമാകുന്നു. കൂടാതെ, ഏതെങ്കിലുംപ്രകാരത്തിൽ ദൈവത്തിനുവേണ്ടി പ്രവർത്തിക്കയോ ദൈവത്തോടുള്ള കൂട്ടായ്മയിൽ ഇരിക്കയോ ചെയ്യുന്ന എല്ലാവരുടേയും വഴികളെ ചൂണ്ടിക്കാണിക്കുന്നതും ആ തത്വങ്ങളത്രെ. ഓരോ സത്യഭൃത്യന്മാരും അത്യന്തം അടുത്തുള്ള ദൈവസന്നിധിയിൽനിന്ന് ആ സന്നിധിയുടെ സകല വിശുദ്ധിയോടും അതിന്റെ സകല കൃപയോടുംകൂടി അയയ്ക്കപ്പെടുന്നു. അവൻ വിശുദ്ധിയും കരുണയുമുള്ളവൻ ആയിരിപ്പാൻ വിളിക്കപ്പെടുന്നു. അതേ, അവൻ ദൈവതത്വത്തിൽ അടങ്ങിയിരിക്കുന്ന കൃപയുടേയും വിശുദ്ധിയുടേയും പ്രതിബിംബമായിരിപ്പാൻ വിളിക്കപ്പെടുന്നു. അവൻ അ

അതിനെ ആയിത്തീരുവാൻ ആദ്യം ഒരു പ്രാവശ്യം ദൈവത്തിൻെറ അടുത്ത സന്നിധിയിൽനിന്നു പുറപ്പെട്ടാൽമാത്രം പോരാ. പിന്നെയോ, അവൻ ആത്മാവിൽ നിരന്തരം അവിടെത്തന്നെ ഇരിക്കയും വേണം. ഫലകരമായ ശുശ്രൂഷയുടെ യഥാൎത്ഥരഹസ്യം ഇതാകുന്നു.

പകലുള്ളപ്പോൾപോയിവേലചെയ്യുക, പുറ-
ത്തകലാൻതുനിയൊല്ലാ മഞ്ജുളമമാവാസം
വിട്ടുനീഗമിക്കൊല്ലാ വാചമീട്ടതുംകേട്ടു
കുട്ടിയെന്നപോൽ ശ്രവിച്ചീടുന്നെനത്യാദരം

"പുറപ്പെട്ടുപോയി വേലചെയ്ക" എന്നും, എന്നാൽ "ഒരിക്കലും വിട്ടുപോകരുതു്" എന്നുമുള്ള രണ്ടുസംഗതികളുടെ അൎത്ഥം ഗ്രഹിപ്പാൻ ആത്മികനു മാത്രമെ കഴികയുള്ളൂ. പുറത്തു ദൈവത്തിനുവേണ്ടി പ്രവൎത്തിക്കാൻ പോകുന്നതിനു് ഞാൻ അകത്തു് അവനോടുകൂടി ഇരിക്കേണ്ടതാകുന്നു. ദൈവസാന്നിദ്ധ്യത്തിൻെറ രഹസ്യമായ വിശുദ്ധസ്ഥലത്തു ഞാൻ ഇരിക്കാത്തപക്ഷം ഞാൻ നിശ്ശേഷം തോററുപോകും.

അനേകർ ഈ സംഗതിയിൽ തെററുന്നുണ്ടു്. മനുഷ്യരോടുകൂടിയുള്ള ഇടപാടിൻെറയും, കൎമ്മനിഷ്ഠമായ ശുശ്രൂഷയുടെ ബാഹുല്യത്തിൻെറയും മദ്ധ്യത്തിൽ ദൈവസാന്നിദ്ധ്യത്തിൻെറ ഘനബോധത്തിൽനിന്നും പ്രശാന്തതയിൽനിന്നും നാം അകന്നു പോവുക എന്നൊരു മഹാവിപത്തു സംഭവിപ്പാൻ ഇടയുണ്ടു്. വളരെ കരുതലോടു് ഇതിൽനിന്നു് ഒഴിഞ്ഞുകൊള്ളേണ്ടതാണു്. ഊരാത്ത ചെരിപ്പോടുകൂടി നാം ഇരിക്കുന്നതിനാൽ ആത്മാവിൻെറ പരിശുദ്ധമായ സ്വരം നാം നഷ്ടപ്പെടുത്തുകയും, വളരെ വേഗത്തിൽ നമ്മുടെ ശുശ്രൂഷ നീരസവും നിഷ്പ്രയോജനവുമായിത്തീൎന്നുപോകയും ചെയ്യും. എൻെറ ഹൃദയത്തിനും യജമാനനുമിടയിൽ എൻെറ വേല ഇരിപ്പാൻ ഞാൻ സമ്മതിക്കുന്നെങ്കിൽ ആ വേല വിലയില്ലാത്തതായിത്തന്നെ ഇരിക്കും. നാം ക്രിസ്തുവിനെ അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ മാത്രമെ അവനെ സഫലമാംവണ്ണം ശുശ്രൂഷിപ്പാൻ നമുക്കു കഴികയുള്ളൂ. ഹൃദയം അവൻെറ ശക്തിയുള്ള ആകൎഷണങ്ങളിന്മേൽ നിരന്തരവാസം ചെയ്യുമ്പോൾ മാത്രമാണു് കൈകൾ അവൻെറ നാമത്തിനു് ഏററവും അംഗീകാൎയ്യമായ ശുശ്രൂഷ ചെയ്യുന്നതു്. ആത്മാവിൻെറ രഹസ്യ

സ്ഥാനത്തു് ഒരുവൻ ക്രിസ്തുവിനെ ഭക്ഷിച്ചുകൊണ്ടിരിക്കുന്നി ല്ലെങ്കിൽ അഭിഷേകത്തോടും പുത്രത്വത്തോടും ശക്തിയോടും മററുള്ളവർക്കായി ക്രിസ്തുശുശ്രൂഷചെയ്യാൻ ഒരുവനും കഴിയുന്നതല്ല. ഒരു പ്രസംഗം ചെയ്യുകയോ, ഒരു പ്രബന്ധം എഴുതി വായിക്കയോ, പ്രാർത്ഥനചൊല്ലുകയോ, ഒരു പുസ്തകമെഴുതുകയോ ചെയ്യാനും ബാഹ്യമായ ശുശ്രൂഷയുടെ ക്രമത്തെ മുഴുവനും നിറവേററുന്നതിനും ഒരുവനു സാധിച്ചേക്കാം. എന്നാൽ അതേസമയത്തു് അതു ക്രിസ്തുശുശ്രൂഷയായിരിക്കയില്ല. ക്രിസ്തുവിനെ മററുള്ളവർക്കു പ്രദർശിപ്പിക്കുന്നവൻ ക്രിസ്തുവിനോടുകൂടി സ്വയം നിരന്തരവാസം ചെയ്യേണ്ടതാകുന്നു.

ഇങ്ങനെ (വ്യവസ്ഥാനുസാരം) ശുശ്രൂഷിക്കുന്നവൻ അവന്റെ ശുശ്രൂഷയുടെ വിജയവും അംഗീകാരവും എന്തുതന്നെ ആയിരുന്നാലും ഭാഗ്യവാൻ അത്രേ. കാരണം, അവന്റെ ശുശ്രൂഷ ശ്രദ്ധയെ ആകർഷിക്കുന്നതിനും, സ്വാധീനശക്തിയെ വളർത്തുന്നതിനും, സ്പഷ്ടമായ ഫലത്തെ ഉളവാക്കുന്നതിനും സാധിക്കാതെപോയാൽ അവനു് ക്രിസ്തുവിൽ അവന്റെ മനോജ്ഞമായ സങ്കേതവും ഫലവത്തായ അവകാശവും ഉണ്ടു്. അതിൽനിന്നു് അവനെ കളവാൻ ഒന്നിനും കഴികയില്ല. മാത്രമല്ല, തന്റെ ശുശ്രൂഷയുടെ ഫലങ്ങളെ അനുഭവിക്കമാത്രം ചെയ്യുന്നവനും, അതു കൊടുക്കുന്ന സംതൃപ്തിയിലും അതിന്റെ ശ്രദ്ധേയത്വത്തിലും രസാവഹത്വത്തിലും മാത്രം പ്രമോദിക്കുന്നവനും മററുള്ളവർക്കു വെള്ളംകൊടുക്കയും സ്വയം ഉറുമ്പിച്ചിരിക്കയും ചെയ്യുന്ന വെറും കുഴലുപോലെയത്രേ. ഇതു് അകപ്പെടാവുന്നതിൽവെച്ചു് എത്രയും ദുഃഖകരമായ അവസ്ഥയാകുന്നു. എങ്കിലും തന്റെ യജമാനനെയും അവന്റെ മഹത്വത്തെയുംകാൾ സ്വന്തവേലയിലും അതിന്റെ ഫലങ്ങളിലുമധികം സമയം ചെലവിട്ടുകൊണ്ടിരിക്കുന്ന ഓരോ വേലക്കാരന്റെയും യഥാർത്ഥമായ അവസ്ഥ ഇതുതന്നെയാകുന്നു

എത്രയും ഖണ്ഡിതമായ ആത്മപരിശോധനയെ അപേക്ഷിതമാക്കിത്തീർക്കുന്ന ഒരു സംഗതിയാണിതു്. ഹൃദയം വഞ്ചനയുള്ളതും ശത്രു കൌശലക്കാരനുമാകയാൽ "സ്വബോധമുള്ളവനും നിർമ്മലനുമായിരിക്ക" എന്നുള്ള ഉത്ബോധനത്തെ കൈക്കൊൾവാനുള്ള വലിയ ആവശ്യമുണ്ടു്. ഒരുവൻ ഉറപ്പും സന്തോഷവുമുള്ളവനായിരിക്കുന്നതു തൽസ്ഥാനത്താണു്. യജ

മാനന്റെ പാദത്തിങ്കൽ നമ്മുടെ വേലയെ ആരംഭിക്കയും തുടൎന്നുകൊണ്ടുപോകയും അവസാനിപ്പിക്കയും ചെയ്യുമ്പോഴത്രേ അതു ശരിയായ മാതിരിയിൽ എത്തുന്നതു്.

# ചാപ്‌മാന്റെ സൂക്തികൾ.

## മൗനവും ഹൃദയപൂൎവ്വവുമായ പ്രവൃത്തി.

ദൈവസന്നിധിയിൽ ഏറ്റവും വിലയേറിയ പ്രവൃത്തി പലപ്പോഴും മനുഷ്യൎക്കു് അഗണ്യമായി തോന്നുന്നതത്രേ.

യഹൂദാ അത്ഭുതം പ്രവൎത്തിച്ചു. ശൗൽ പ്രവചനം പറഞ്ഞു. ആത്മശക്തിയിൽ ഈ രണ്ടും, തന്റെ കൎത്താവിനെ തള്ളിപ്പറഞ്ഞതു നിമിത്തം പത്രോസ് ഒഴുക്കിയ കണ്ണുനീരിനു് കിടനില്ക്കയില്ല.

നമുക്കു ശക്തരായിരിക്കണമെങ്കിൽ നമ്മുടെ ജോലി ദൈവത്തിന്നു പ്രസാദകരമായിരിക്കണം. അങ്ങിനെയാകുന്ന പക്ഷം ഏതു ശത്രുവിനാണ് നമ്മെ ദോഷപ്പെടുത്താൻ കഴിയുന്നതു്?

നമ്മുടെ അറിവു മററുള്ളവൎക്കു പ്രയോജനപ്പെടുന്നതിനു മുൻപു് അതു ദൈവത്തോടുള്ള നമ്മുടെ സംസൎഗ്ഗത്തിന്റെ ഒഴുക്കുചാലായിത്തീരേണ്ടതാകുന്നു.

നമ്മുടെ വഴികളെ സൂക്ഷിക്കയും ദൈവത്തിൽനിന്നു മാത്രമല്ല, വിശ്വസ്തന്മാരും വിവേകികളുമായ സഹോദരന്മാരിൽനിന്നും ആലോചനകൾ അന്വേഷിക്കയും ചെയ്യേണ്ടതു് എത്രയും ആവശ്യമാകുന്നു. ഇടയ്ക്കു നമ്മെ തടയുന്നതിനും കുറേശ്ശ കുറേശ്ശ നമ്മെ കുരുക്കുന്നതിനും സാത്താൻ ശ്രമിക്കുന്നു. ആദ്യം നമ്മുടെ ഹൃദയങ്ങളിൽ സംശയം ഉളവാക്കിയശേഷം സ്പഷ്ടമായ തിന്മകളിൽ നമ്മെ ചാടിക്കുന്നു. ചെറിയ ലംഘനങ്ങളിൽ നിന്നു വലിയ പാപങ്ങൾ ഉത്ഭവിക്കുന്നു.

കൂടെക്കൂടെയും ഇങ്ങോട്ടു ആരും ചോദിക്കാതെയും മററുള്ളവരുടെ അടുക്കൽ കുററം സമ്മതിച്ചു പറയുന്നതു് ദൈവദൃഷ്ടിയിൽ ആഴമായിരിക്കയില്ല.

ദാവീദ്, ഏലിയാ മുതലായവർ ഏകാന്തത്തിൽ ആ

ത്മവിജയം സമ്പാദിച്ചിട്ടുള്ളവരും ദൈവത്തിൽനിന്നു ശക്തിപ്രാപിച്ചിട്ടുള്ളവരുമായിരുന്നു. അവർ പുറത്തേക്കു വന്നപ്പോൾ എത്ര ശാന്തതയോടുകൂടി വലിയ സംഗതികൾ ഏറ്റേൽക്കയും, എത്ര നിശ്ശബ്ദമായി അവയെ ചെയ്തുതീർക്കയും ചെയ്തു.

ഒന്നുമില്ലാതിരിക്ക, ഒന്നുമല്ലാതിരിക്കുക, ഇതുതന്നെ ധനം, ഇതുതന്നെ ശാന്തി, ഇതുതന്നെ വിശ്രമം.

---

## "ദൈവം കരുണയുള്ളവൻ"

(റി. സി. വറുഗീസ്)

അടിമവ്യാപാരം നടപ്പായിരുന്ന കാലത്തു് ഒരിക്കൽ ലൂക്കുമാൻ' എന്ന സമർത്ഥനായ ഒരു അടിമ ജീവിച്ചിരുന്നു. അയാൾ ഒരു മതതീക്ഷ്ണതയുള്ളവൻ ആയിരുന്നു എന്നു മാത്രമല്ല മററുള്ളവരും തന്നെപ്പോലെ താല്പര്യമുള്ളവരായിരിക്കണമെന്നു ആഗ്രഹമുള്ള ആളുമായിരുന്നു.

ഒരിക്കൽ ഈ അടിമയെ ഒരു മഹമ്മദീയകർഷകൻ വാങ്ങുന്നതിനിടയായി. അയാൾ സ്വന്ത മതഭക്തിയുള്ളവനായിരുന്നില്ല. ഒരു ദിവസം രാത്രി ഏകദേശം മൂന്നാംയാമം കഴിഞ്ഞപ്പോൾ ഈ അടിമ എഴുന്നേററു തന്റെ യജമാനന്റെ അടുക്കൽ ചെന്നു: "യജമാനനെ! അവിടത്തേക്കു നരകത്തിൽ പോകാതെ സ്വർഗ്ഗത്തിൽ പോകണമെന്നു് ആഗ്രഹമുണ്ടെങ്കിൽ എഴുന്നേററു പ്രാർത്ഥിച്ചാലും" എന്നു പറഞ്ഞു. ഉടനെ യജമാനൻ "ഞാൻ അല്പംകൂടെ ഉറങ്ങട്ടെ. ദൈവം കരുണയുള്ളവനാണു് അതുകൊണ്ടു ഞാൻ സ്വർഗ്ഗത്തിൽ പോകാതെയിരിക്കയില്ല" എന്നു പറഞ്ഞു. ഇതു കേട്ടു ഭൃത്യൻ മടങ്ങിപ്പോയി. നാലാംയാമത്തിൽ ദാസൻ വീണ്ടും ഉറങ്ങുന്ന യജമാനന്റെ സമീപത്തു ചെന്നു് ഈ വിധം അറിയിച്ചു "യജമാനനേ, അവിടത്തേക്കു് അടുത്ത ലോകത്തിൽ എന്തെങ്കിലും നിക്ഷേപം സമ്പാദിക്കണമെന്നുണ്ടെങ്കിൽ പ്രാർത്ഥിപ്പാൻ എഴുന്നേററാലും."

യജമാനനു് ഈ വാക്കു് അത്ര രസിച്ചില്ല. അദ്ദേഹം കുപിതനായി ഇങ്ങിനെ പറഞ്ഞു: ഇനിക്കു ഉറക്കം തികഞ്ഞി

ല്ല: പ്രാർത്ഥിപ്പാൻ കഴിഞ്ഞില്ലെങ്കിലും ദൈവം കരുണയുള്ള
വനാണല്ലോ. അടിമ ഇതുകേട്ട് ഇച്ഛാഭംഗത്തോടു മടങ്ങിപ്പോ
യി. പിന്നീടു നേരം പ്രഭാതമായി. ചേതോഹരങ്ങളായ
ബാലാർക്കകിരണങ്ങൾ എവിടെയും വ്യാപിച്ചു. മനുഷ്യന്റെയും
പക്ഷിമൃഗാദികളുടേയും ഈശ്വരാരാധന ആകാശത്തിൽ മാ
റ്റൊലിക്കൊണ്ടുതുടങ്ങി. അടിമ ധൈര്യമവലംബിച്ചു വീണ്ടും
യജമാനന്റെ ശയ്യയോടു സമീപിച്ചു. യജമാനൻ പ്രഭാതവേ
ളയുടെ രാമണീയകം ശ്രദ്ധിക്കുന്നില്ല. സമസ്തസൃഷ്ടങ്ങളുടെ ശ്രവണമ
ധുരമായ ആരാധനയെ കേൾക്കുന്നുമില്ല. "കുറേക്കൂടി നിദ്ര കു
റേക്കൂടി ഉറക്കം" എന്ന മട്ടിൽ നിദ്രാലസനായി തല്പത്തിന്മേ
ൽ ശയിക്കുന്നുണ്ടു്. ഇതു കണ്ടു ഭൃത്യൻ ഇങ്ങനെ പറഞ്ഞു:
"യജമാനനേ, മനുഷ്യനും പക്ഷിമൃഗാദികളും ഉണർന്നു് ദൈവ
ത്തെ സ്തുതിക്കുന്നു. അവിടത്തേക്കു ദൈവത്തോടു് അല്പമെങ്കി
ലും ഭക്തിയുണ്ടെങ്കിൽ അതു പ്രദർശിപ്പിക്കുന്നതിനുള്ള സമയം
ഇതുതന്നെയാണു്." യജമാനൻ ഇതു കേട്ടിട്ടു്: "ആകട്ടെ ഒരു
ചെറിയ മയക്കംകൂടി കഴിഞ്ഞു ഞാൻ എഴുന്നേററുകൊള്ളാം.
ദൈവം കരുണയുള്ളവനാണല്ലോ" എന്നു പറഞ്ഞു.

നേരവും വെളുത്തു കുറെകഴിഞ്ഞശേഷം യജമാനനും എ
ഴുന്നേററു. ഉടനെ ദാസനെ വിളിച്ചു് ഒരു നുകവും, വിത്തും ക
ലപ്പയും അതോടുകൂടി ഒരുകെട്ടു ബാർലിയും കൊടുത്തിട്ടു് ഇങ്ങ
നെ പറഞ്ഞു: "അടുത്തുള്ള എന്റെ നിലത്തിൽ ചെന്നു് അതു് ഉ
ഴുതു തയ്യാറാക്കി ഈ വിത്തു അതിൽ വിതയ്ക്കണം. ഞാൻ പി
ന്നാലെ വന്നുകൊള്ളാം. പക്ഷേ, ഞാൻ വരുന്നതിനു സാധിച്ചി
ല്ലെങ്കിലും നീ അതു ശരിയായി വിതച്ചിട്ടു തിരികെ പോരു
ണം." ദാസൻ അതുകേട്ടു 'അങ്ങിനെ ചെയ്യാം' എന്നു പറഞ്ഞു.

അവൻ പോകുമ്പോൾ ഒരു അയൽക്കാരന്റെ വീട്ടിൽ
കയറി തന്റെ കൈവശം ഉണ്ടായിരുന്ന ബാർളികൊടുത്തിട്ടു
കുറെ തിനവാങ്ങി. അതുംകൊണ്ടു വയലിൽ എത്തി. യജ
മാനന്റെ നിർദ്ദേശപ്രകാരം നിലം ഉഴുതു് തയ്യാറാക്കി. കുറെ
ഉള്ള വിതക്കുവാൻ ആരംഭിച്ചു. യജമാനനെ കണ്ടില്ല. ഒടുവി
ൽ വിതകഴിഞ്ഞു് അവൻ ഗൃഹത്തിൽ എത്തി.

ഏതാനും ദിവസം കഴിഞ്ഞു യജമാനനു് വിതകാണുന്ന
തിനു് ആഗ്രഹം തോന്നി. ദാസനെ വിളിച്ചു. "വരിക. നീ
വിതച്ചിടത്തിലും പോയി ഒന്നു നോക്കു്" എന്നു പറഞ്ഞു. ദാസ

ൻ സന്തുഷ്ടനായി "യജമാനനേ! അങ്ങിനെ ആകട്ടെ" എന്നു പറഞ്ഞു.

അവർ ഒരുമിച്ചു വയലിൽ എത്തി. യജമാനൻ സൂക്ഷിച്ചുനോക്കുന്നു. എന്തൊരതിശയം; ബാർലിയുടെ ഒരു മുളപോലും കാണ്മാനില്ല. യജമാനൻ ചോദിച്ചു. "എടാ, ഇതെന്തൊരു ഏർപ്പാട്! ആ മുളച്ചുവരുന്നവ ഒന്നും ബാർലി അല്ലല്ലോ. വേറെ ഏതോ ധാന്യം ആണെന്നുതോന്നുന്നു." ദാസൻ ബോധിപ്പിച്ചു: "യജമാനനേ! അവ തിനയാണ്. ഞാൻ ബാർലി വിതച്ചില്ല." യജമാനൻ വീണ്ടും ചോദിച്ചു "എന്തു്? ഞാൻ ബാർലി വിതയ്ക്കുന്നതിനുതന്നയച്ചു. നീ തിനവിതച്ചു അല്ലേ? ഉടനെ ദാസൻ പറഞ്ഞു. "യജമാനനെ, കോപിക്കരുതേ; ഞാൻ കാര്യംപറയാം; ദൈവം കരുണയുള്ളവനാണ്; നിശ്ചയമായും ഇതു ബാർലി ആയിത്തീരും". യജമാനൻ മറുപടിപറഞ്ഞു. "ശരി ദൈവം കരുണയുള്ളവനാണ്. പക്ഷേ നീ തിനയാണു വിതച്ചതു്. പിന്നീട് എങ്ങിനെയാണ് ബാർലി കൊയ്യാം എന്നു നീ ആഗ്രഹിക്കുന്നതു്". അതിനു ദാസൻ "യജമാനനേ, ഞാൻ പറയാം. ദൈവം കരുണയുള്ളവനാണ്" എന്നു് യജമാനൻ പറഞ്ഞുകൊണ്ടു് വെറുതെ, കിടന്നു് ഉറങ്ങിയതിന്റെ ശേഷം സ്വർഗ്ഗത്തിൽ പോകാമെന്നു ആഗ്രഹിക്കുന്നതുപോലെ മാത്രമേ എന്റെ ആഗ്രഹവും ഇരിക്കുന്നുള്ളു."

"യഥാനുരൂപം ഹി ഫലം ക്രിയാണാം."

# ക്രിസ്തുവിനെക്കുറിച്ചു്
# നിങ്ങൾക്കെന്തുതോന്നുന്നു?

(എ. എം. സാമുവേൽ ബി. എ.

മത്താ. ൨൨: ൪൨.

സർവ്വപ്രധാനമായ ഈ ചോദ്യത്തിനുള്ള മറുപടി ഒരു വ്യക്തിയുടെ ഭാവിയിലുള്ള നിത്യത ഏതുപ്രകാരത്തിലുള്ളതായിരിക്കും എന്നു തീരുമാനിക്കുന്നതിനു പര്യാപ്തമായിട്ടുള്ളതാണ്. ഇന്നു ഓരോ ദേഹിയോടും "എന്നെക്കുറിച്ചു നിനക്കു എന്തുതോന്നുന്നു?" എന്നു കർത്താവു ചോദിച്ചുകൊണ്ടിരിക്കുന്നു

ഈ കൃപായുഗത്തിൻെറ ദൈർഘ്യം, അവൻ ജീവനുള്ള ദൈ
ത്തിൻെറ പുത്രൻ എന്ന് ഏറ്റുപറഞ്ഞു വിശ്വസിക്കുന്ന
ിന് ഇതുവരേയും കഴിയാത്തവർക്കു കൂടുതൽ അവസരത്തെ
നൽകിയിരിക്കയാണെന്നു നമുക്കു വിചാരിക്കാം.

പരീശന്മാർ കൊടുത്ത ഉത്തരം ആണ് അനേകർക്കും
സ്വീകാര്യമായിരിക്കുന്നതു്. ക്രിസ്തു കേവലം ദാവീദിൻെറ പു
ത്രൻ എന്നുള്ള ഒരറിവുകൊണ്ടുമാത്രം മിക്കവാറും തൃപ്തിയട
ഞ്ഞിരിക്കുന്നു. എന്നാൽ അവൻ മഹാനായ ദാവീദിൻെറ
അതിമഹാനായ പുത്രൻ മാത്രമല്ല, മഹത്വപൂർണ്ണനായ ക
ത്താവും കൂടെ ആണ് എന്നുള്ള വാസ്തവം പരീശന്മാരുടേ
യും മററു കുത്തിപ്പുകാരുടേയും വായെ ഒന്നാകെ അടച്ചുകളയു
ന്നതിനു മതിയായിരുന്നു. “അന്നുമുതൽ ആരും അവനോടു ഒ
ന്നും ചോദിപ്പാൻ തുനിഞ്ഞില്ല” എന്നാണ് നാം വായിക്കു
ന്നതു്. ക്രിസ്തുവിനെ പരീക്ഷിക്കുന്നവരുടെ ദുസ്തർക്കങ്ങളേയും
കുയുക്തികളേയും ഈ മഹൽസത്യം പാടെ ഉന്മൂലനം ചെയ്യു
ന്നു.

ക്രിസ്തു ജീവനുള്ള ദൈവത്തിൻെറ പുത്രൻ എന്നുള്ള ഉ
ത്തരത്തിന്മേൽ അവൻെറ സഭ പണിയപ്പെടുകയും, സാത്താ
ൻ പരാജിതനാകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഒരു പരി
ജ്ഞാനം ദൈവിക വെളിപ്പാടുകൂടാതെ ജഡികമായ ലോക
ജ്ഞാനത്തിനു ഗ്രഹിക്കുന്നതിനോ നൽകുന്നതിനോ തീരെ
അസാദ്ധ്യമത്രേ. ഈ വാസ്തവം അനേക സാക്ഷികളാൽ ഉറ
പ്പാക്കപ്പെട്ടിരിക്കുന്നു. അപ്പോസ്തലന്മാർ, (മത്താ. 16: 15, 16.
യോഹ. 6: 6, 69.) സുവിശേഷകന്മാർ, (മർക്കോ. 1: 1; പ്രവൃ.
8. 37) യോഹന്നാൻ സ്നാപകൻ, (യോഹ. 1: 32-34) നഥാ
നയേൽ, (യോഹ. 1: 49) മാർത്താ, (യോഹ. 11: 25-27) റോ
മാ പടയാളികൾ, (മത്താ. 27:54) തർസൊസുകാരൻ ശൌൽ,
(പ്രവൃത്തി. 9: 20) എത്യോപ്യരാജ്ഞിയുടെ ഷണ്ഡൻ, (പ്ര
വൃ. 8: 37) എന്നിങ്ങനെ പല സ്ഥലങ്ങളിലും പല സാഹച
ര്യങ്ങളിലും ഇരുന്നിരുന്ന പലർ ഈ സത്യത്തിനു സാക്ഷ്യം
വഹിക്കുന്നു: കൂടാതെ സ്വർഗ്ഗംതന്നെയും ഈ ധ്വനികൊണ്ടു
മാറ്റൊലികൊള്ളുന്നു. “ഇവൻ എൻെറ പ്രിയപുത്രൻ” എന്നു
ഒന്നിലധികം പ്രാവശ്യം പിതാവായ ദൈവവും, (മത്താ.
5: 17; 17: 5) “നിന്നോടു സംസാരിക്കുന്നവൻ അവൻ (ദൈ
വപുത്രൻ) തന്നെ” എന്നു പുത്രൻ താനും (യോഹ. 9:37

"ദൈവപുത്രൻ എന്ന ശക്തിയോടെ നിർണ്ണയിക്കപ്പെട്ടിരിക്കുന്നു" എന്നു പരിശുദ്ധാത്മാവും (റോമ. 1: 5) സാക്ഷ്യംപറഞ്ഞിരിക്കുന്നു. ഇത്ര ബലവത്തായ സാക്ഷ്യങ്ങളാൽ ശക്തിയോടെ ഉറപ്പാക്കപ്പെട്ടിരിക്കുന്ന ഈ അനുഗ്രഹീതമായ വാസ്തവം വിശ്വസിക്കുന്നതിനു ക്രിസ്തുവിൻെറ ജീവിതത്തിൻെറ ഓരോ ഭാഗവും നമ്മെ കൂടുതൽ സഹായിക്കുന്നതാണ്.

<u>അവൻെറ ജനനം.</u> ലോകത്തിൽ ആക്കും ഇവൻെറ ജനനംപോലെ ഒരു ജനനം ഉണ്ടായിട്ടില്ല. അനേകശതവർഷങ്ങൾമുമ്പ് പ്രവാചക വാക്യങ്ങളാൽ ഇവൻ കന്യകയിൽനിന്നു ജാതനാകും എന്നും, ബേത്ത്ലഹേം അവൻെറ ജന്മഭൂമി ആയിരിക്കും എന്നുംമററും ദൈവം അരുളിച്ചെയ്തവയുടെ പരിപൂർണ്ണമായ നിവൃത്തി ക്രിസ്തുവിൻെറ ജനനത്തിൽ കാണുന്നു. മാത്രവുമല്ല, ദൂതന്മാർ അവൻെറ ജനനത്തെ വിളംബരം ചെയ്യുകയും ലോകചരിത്രം മുഴുവനും അവൻെറ ജനനത്തെ അനുബന്ധിക്കയും ചെയ്യുന്നു. കേവലം കുഗ്രാമമായ ബേത്ത്ലഹേമിലെ ഒരു വഴിയമ്പലത്തിലെ ഗോശാലയിൽ ജനിച്ച ഒരു തച്ചൻെറ മകൻെറ ജനനത്തോടു ലോകത്തിൻെറ ആദിമുതൽ ഇന്നുവരെയുള്ള സംഭവങ്ങൾ ഘടിതമായിരിക്കുന്നു. അനാദിയായ ദൈവത്തിൻെറ വചനം ജഡമായിതീർന്ന മനുഷ്യരുടെ ഇടയിൽ പാർത്തു എന്നുള്ള വിവരണം കൊണ്ടു യോഹന്നാൻ അവൻെറ ജനനത്തെ സംക്ഷേപിക്കുന്നു.

<u>അവൻെറ സ്വഭാവം.</u> "പവിത്രൻ, നിർദ്ദോഷൻ, നിഷ്കളങ്കൻ, പാപികളിൽനിന്നു വേർപെട്ടവൻ" എന്നുള്ള നിലയിൽ അവൻെറ ജീവിതം ആദ്യന്തം പരിലസിക്കുന്നു. പാപഭ്രയിഷ്ഠമായ ലോകത്തിൽ പാപികളുടെ മദ്ധ്യത്തിൽ അവൻെറ പരിപാവനമായ ജീവിതം, കാർമേഘപടലങ്ങളിൽ മിന്നൽപിണരുകൾ പോലെ ശോഭിക്കുന്നു. "നിങ്ങളിൽ ആക്ക് എന്നെ പാപത്തെക്കുറിച്ചു ബോധപ്പെടുത്താൻ സാധിക്കും" എന്നു സധൈര്യംഅവൻ ശത്രുക്കളോടു ചോദിക്കുന്നതിൽ അമാനുഷമായ അവൻെറ സ്വഭാവം തെളിയുന്നു. അവനെ കുററപ്പെടുത്തുവാൻ ശ്രമിച്ചവരേവരും കുററവാളികളായി ന്യായവിധി ദിവസത്തെ നോക്കിപ്പാർത്തുകൊണ്ടിരിക്കുന്നു.

അവന്റെ വാക്കുകൾ. പാമരനേയും പണ്ഡിതനേയും ഒരുപോലെ സ്വധീക്കത്തക്ക നിലയിൽ അവനെപ്പോലെ സംസാരിക്കുന്നതിനു സാധിച്ചവർ ലോകത്തിൽ ഉണ്ടായിട്ടില്ല. "ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല" എന്നാണ് അവന്റെ വാക്കു കേട്ടവർ പറഞ്ഞത്. അവന്റെ "വായിലെ ലാവണ്യവാക്കുകൾ നിമിത്തം എല്ലാവരും ആശ്ചര്യപ്പെട്ടു." എന്നു നാം വായിക്കുന്നു. മുഖപക്ഷം കൂടാതെ, അധികാരത്തോടും ശക്തിയോടുംകൂടി ശാസിക്കുന്നതിനും ശാന്തമായി സംഭാഷിക്കുന്നതിനും സാന്ത്വനവാക്കുകളാൽ ആശ്വസിപ്പിക്കുന്നതിനും ഓരോ മനസ്ഥിതിയെ കണ്ടറിഞ്ഞു യഥാക്രമം ഹൃദ്യമായി ഇടപെടുന്നതിനും അവനെപ്പോലെ ലോകത്തിൽ ആർക്കും സാധിച്ചിട്ടില്ല.

അവന്റെ ഉപമകൾ ലോകത്തിലെ കവിശ്രേഷ്ഠന്മാരെയും ചിന്തകന്മാരേയും ഒരുപോലെ അത്ഭുതപരതന്ത്രന്മാരാക്കിയിട്ടുണ്ട്. ലോകത്തിലെ യാതൊരു എഴുത്തുകാരനും "കാണാതെപോയ ആട്" "മുടിയനായപുത്രൻ" "നല്ല ശമര്യൻ" എന്നീ ഉപമകളെപ്പോലെ ലളിതവും ഹൃദയസ്പർക്കവുമായ ചെറുകഥകൾ എഴുതുന്നതിനു സാധിച്ചിട്ടില്ല. "ഞാൻതന്നെ വഴിയും സത്യവും ജീവനും ആകുന്നു." എന്നു അവകാശപ്പെട്ടു പറയുന്നതിനു അവനു മാത്രമെ കഴിയുന്നുള്ളു. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ള എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങൾക്കു ആശ്വാസം തരും." എന്നുള്ള വാഗ്ദത്ത പൂർണ്ണമായ ക്ഷണസന്ദേശം ലോകത്തിൽ വേറെ ആരാണു നൽകിയിട്ടുള്ളത്?

അവന്റെ പ്രവൃത്തികൾ. അവന്റെ അധികാരം അവന്റെ പ്രവൃത്തികളിൽ തെളിഞ്ഞുകാണുന്നു. പ്രകൃതി അവൻ വിധേയപ്പെട്ടിരിക്കുന്നു. "കാറ്റും കടലും ഇവനെ അനുസരിക്കുന്നു." പിശാചുക്കൾ അവന്റെ ശക്തിക്കു അമർന്നിരിക്കുന്നു. ഒറ്റവാക്കുകൊണ്ടു ഭൂതങ്ങൾ മാറുന്നതായി കാണുന്നു. മരണത്തിന്മേൽ അവന് അധികാരം ലഭിച്ചിരുന്നു. മൂന്നുപ്രാവശ്യം അവൻ മരിച്ചവരെ എഴുന്നേല്പിച്ചതായി സുവിശേഷം സാക്ഷിക്കുന്നു.

അവന്റെ മരണം. ലോകത്തിൽ ആരെങ്കിലും തന്റെ മരണം ഇന്നപ്പോൾ ഇന്ന സ്ഥലത്തുവെച്ചു സംഭവിക്കാം എന്നു

മുൻകൂട്ടി പറഞ്ഞതായി നാം കാണുന്നില്ല. അതും ബല
ല്ക്കാരം ചെയ്യാതെ സ്വയമേവ ജീവൻ വെച്ചുകൊടുക്കുന്ന ഒ
പ്രകൃതി ക്രിസ്തുവിൽ മാത്രമേയുള്ളു. സ്വമേധയാ ഉള്ള അ
ന്റെ മരണം ഒരു പരമയാഗമായിരുന്നു. ഒരു മറുവിലയായി അ
വൻ തന്റെ ജീവനെ ഏല്പിച്ചു. ശത്രുക്കൾക്കുവേണ്ടി പ്ര
ാർത്ഥിച്ച് അവൻ മരണം ആസ്വദിച്ചു. സൃഷ്ടി അവന്റെ മ
ണത്തിൽ അനുശോചിക്കയും അവനെ ക്രൂശിച്ച ശതാധിപ
പോലും ഇവൻ ദൈവപുത്രൻ എന്ന് ഏറ്റുപറകയുംചെയ്തു

അവന്റെ പുനരുത്ഥാനം. ജീവനെ വെയ്ക്കാനും തിര
കെ എടുപ്പാനും അവനു കഴിയുമായിരുന്നു. മരിച്ചവരിൽനി
ന്നും മരണം പിന്നെയും കാണാതെ ആദ്യമായി ഉയിർത്ത
ന്നേറ്റവൻ ക്രിസ്തു മാത്രം. അവന്റെ പുനരുത്ഥാനത്താൽ
അവൻ മരണത്തിന്റെ അധികാരിയായ പിശാചിനെ പ
രാജിതനാക്കി.

ഓരോരുത്തരോടും ഉള്ള അവന്റെ സംഭാഷണം. എ
ന്നെ അനുഗമിപ്പിൻ എന്നു പറഞ്ഞുകൊണ്ടു അവൻ ഏവരെ
യും ക്ഷണിക്കുന്നു. ഓരോ ദേഹിയിന്മേലുമുള്ള അവന്റെ സ്വാ
ധീനത അവന്റെ ദൈവത്വത്തെ കൂടുതൽ സ്പഷ്ടമാക്കുന്നു
ലോകത്തിൽ ആൎക്കു ഇതുപോലെ ഒരുവലിയ കൂട്ടത്തെ തന്നോടു
ആകർഷിപ്പാൻ സാധിച്ചിട്ടുണ്ട്? ഇന്നും അവനുവേണ്ടി ജീവ
നെ വെയ്ക്കാൻ തയാറായിരിക്കുന്ന അനേകരെ കാണുമ്പോൾ
ദേഹികളിന്മേലുള്ള അവന്റെ സ്വാധീനത നമ്മെ വിസ്മയി
പ്പിക്കുന്നു.

ക്രിസ്തുവിനെപ്പററി ഈ ഭാഗങ്ങളിൽനിന്നു നിങ്ങൾക്കു
എന്തു തോന്നുന്നു? അവൻ ജഡപ്രകാരം ദാവീദിന്റെ സന്ത
തി മാത്രമോ? അതോ, ജീവനുള്ള ദൈവത്തിന്റെ പുത്രനാ
യ ക്രിസ്തുവോ? നിങ്ങൾ അവനെ ഏതു നിലയിൽ സ്വീ
കരിക്കുന്നു?

## ആസ്യയിലെ ഏഴു സഭകൾ.

ക്രിസ്ത്വാബ്ദം ഒന്നാം നൂററാണ്ടിന്റെ അവസാനഭാഗത്തോ
ടടുത്ത്, ഡോമിഷ്യാൻ കൈസറിനാൽ യോഹന്നാൻ അപ്പോ
സ്തലൻ പത്മോസ് ദ്വീപിലേക്കു നാടുകടത്തപ്പെട്ടതായി വെ

പ്പാട്ടപുസ്തകത്തിൽ വായിക്കുന്നു. ഈ പത്മോസ്ദ്വീപ് ഏഷ്യാ മൈനറിന് 24 മൈൽ പടിഞ്ഞാറായും, സാമോ ദ്വീപിന് 20 മൈൽ തെക്കായും, എഫേസോസി 70 മൈൽ തെക്കപടിഞ്ഞാറായും സ്ഥിതി ചെയ്യുന്ന മരുപ്രദേശമാകുന്നു. പാറകൾകൊണ്ടു നിറഞ്ഞ ഈ ദ്വീ ിന് ഏകദേശം 20 മൈൽ ചുററളവുണ്ടു്. ഇതിൻെറ ിർജ്ജനതവും ജനവാസമുള്ള സ്ഥലങ്ങളിൽ നിന്നു് ഇതി ള്ള വിദൂരതവും നിമിത്തം അക്കാലങ്ങളിൽ കുററക്കാരെ ാടുകടത്തുന്നതിനു് റോമാ ഗവമ്മെണ്ടു് ഈ സ്ഥലം ഉപയോ ിച്ചുവന്നു. യോഹന്നാൻ അപ്പോസ്തലൻ ഈ ശിക്ഷയിൽ ഇ ക്കുമ്പോഴാണു്; യേശു ക്രിസ്തുവിൻെറ വെളിപ്പാടുണ്ടായതു്. ഘട്ടത്തിൽ യോഹന്നാൻ സ്വാനുഭവം വിവരിച്ചിരിക്കുന്ന ഇങ്ങനെയാണു്. "കത്തൃദിവസത്തിൽ ഞാൻ ആത്മ ിവശനായി; നീ കാണുന്നതു് ഒരു പുസ്തകത്തിൽ എഴുതി എഫേസോസ്, സ്മുൎന്നാ, പെൎഗ്ഗമോസ്, തുയഥൈര, സർ ിസ്, ഫിലദെല്ഫ്യ, ലവോദിക്യാ എന്ന ഏഴു സഭകൾക്കും ായയ്ക്കുക എന്നിങ്ങനെ കാഹളത്തിന്നൊത്ത ഒരു മഹാനാ എൻെറ പുറകിൽ കേട്ടു." വെളി. 1: 10, 11.

മേൽ കാണുന്ന ഏഴു സഭകളും എവിടെയെല്ലാം സ്ഥിതി ചെയ്യുന്നുവെന്നു ചൂണ്ടിക്കാണിക്കുന്നതിനു മുമ്പായി ആസ്യ എന്ന പദത്തിന് അന്നുണ്ടായിരുന്ന അൎത്ഥഭേദം എന്തെല്ലാ ായിരുന്നുവെന്നു് അന്വേഷിക്കാം.

വളരെ പഴയകാലത്തു് ഇന്നത്തേപ്പോലെയുള്ള ദേശവി ജനങ്ങൾ ഇല്ലായിരുന്നു. അതുകൊണ്ടു് ആസ്യ എന്നുള്ളതു് ന്നത്തെ അൎത്ഥത്തിലല്ല തിരുവെഴുത്തുകളിൽ ഉപയോഗി ച്ചിരിക്കുന്നതു്. വിശിഷ്യ, എബ്രായ തിരുവെഴുത്തുകളിൽ ഈ വാക്കു് അശേഷം വരുന്നില്ല. മക്കാബ്യരുടെ പുസ്തക ങ്ങളിലാണു് ഈ ശബ്ദം ആദ്യമായി കാണുന്നതു്. അഞ്ചാം നൂററാണ്ടു മുതലാണു് വിസ്തൃതമായ അൎത്ഥത്തിൽ ഈ പ ം ഉപയോഗിച്ചു തുടങ്ങിയതു്. ഏഷ്യാപ്രോപ്പർ എന്നു് അ റിയപ്പെടുന്നതു് ആസ്യയുടെ ചുരുങ്ങിയ അൎത്ഥത്തിൽ ഉപ യോഗിച്ചിട്ടുള്ള ശബ്ദമാണു്.

ഏവംവിധം പ്രവൃത്തി 19: 26, 27; 20: 4; 27: 2. എ ന്നീ വാക്യങ്ങളിൽ 'ആസ്യ' എന്നുള്ളതു് ഏഷ്യാ മൈനർ മു ഴുവനെയും കുറിക്കുന്നു. പ്രവൃ. 2: 9; 6: 9; 2 തിമൊ. 1: 15,

വെളി. 1: 4, 11. ഈ വാക്യങ്ങളിൽ കാണുന്നതു് ഏഷ്യാ പ്രൊപ്പർ അതായതു് റോമനേഷ്യാം അഥവാ പ്രൊക്കോൺസുലർ ഏഷ്യായാണു്.

വെളിപ്പാടിൽ കൊടുത്തിട്ടുള്ള ക്രമത്തിനുതന്നെ ഏഴു സഭകളുടെയും വിവരണങ്ങൾ ഇവിടെ കൊടുക്കുന്നു. സ്ഥലത്തിന്റെ കിടപ്പനുസരിച്ചു് ഇതു സ്വാഭാവികമായ ക്രമംതന്നെ. കാരണം എഫേസോസിൽനിന്നു പുറപ്പെടുന്ന ഒരാൾക്കു് വടക്കോട്ടു തിരിച്ചാൽ സ്മൂർന്നാ, പെർഗ്ഗമോസ് ഈ സ്ഥലങ്ങളിലും അവിടെനിന്നു് തെക്കോട്ടു തിരിഞ്ഞാൽ തിയത്തീറാ, സർദ്ദീസ്, ഫിലദെല്പ്യാ, ലവോദിക്യ എന്നീ സ്ഥലങ്ങളിലും ചെന്നുചേരാവുന്നതാണു്.

1. എഫേസോസ് (വെളി. 2:1) ലിഡിയാപ്രവിശ്യയുടെ പ്രധാനസ്ഥലവും ഏഴു നഗരങ്ങളിൽവച്ചു മുഖ്യവുമാകുന്നു. ഇവിടത്തെ സഭ വളരെ വലുതായിരുന്നു. ആകൃതിയിലും തരത്തിലും മുഖ്യതയുള്ള ഈ പട്ടണത്തിനാണു് ആദ്യമേ ലേഖനം അയയ്ക്കുന്നതു്. മാത്രമല്ല പത്മോസ്ദ്വീപിനു വളരെ അടുത്തതും എഫേസോസ് ആണു് ലേഖനങ്ങളുംകൊണ്ടു് എഫേസോസിൽ ആദ്യമേ ചെന്നാൽ അവിടെനിന്നു മററുസ്ഥലങ്ങളിലേക്കു പോകുവാൻ പ്രയാസമില്ല. ഈവക സൌകര്യം പ്രമാണിച്ചായിരിക്കണം യോഹന്നാൻ തന്റെ അന്ത്യകാലങ്ങളിൽ ഇവിടെ വാസമുറപ്പിച്ചതു്.

2. സ്മൂർന്നാ (വെളി. 2:8) എഫേസോസിനു് ഉദ്ദേശം 40 മൈൽസ് വടക്കുള്ള ഒരുസ്ഥലം. ഇതു് ഈജിയൻകടൽക്കരയിലാണു സ്ഥിതി ചെയ്യുന്നതു് തന്റെ പരിശോധനകാലം കഴിഞ്ഞു് ഇന്നും സ്മൂർന്നാ നിൽക്കുന്നു. ഇതു് ഈജിയൻകടലിന്റെ ഏഷ്യാററിക്കതീരത്തുള്ള ഏത്രയും വലിയ നഗരങ്ങളിൽ ഒന്നും ഇപ്പോൾ ഉദ്ദേശം രണ്ടു ലക്ഷത്തോളം ജനങ്ങളുള്ളതുമാകുന്നു. ഇതു മുൻപുനിന്ന സ്ഥലത്തുനിന്നു് രണ്ടു മൈൽ ദൂരത്താണു നിൽക്കുന്നതു്.

3. പെർഗ്ഗമോസ് (വെളി. 2:12) സ്മൂർന്നായിൽനിന്നു് 50 മൈൽ വടക്കുകിഴക്കും ഈജിയൻകടലിൽനിന്നു് 20 മൈൽ ദൂരത്തും നിൽക്കുന്ന ഈ നഗരം ഏഷ്യാമൈനറിലുള്ളതിലേക്കും അതിമനോഹരനഗരമെന്നു പറയപ്പെടുന്നു. ഇതിന്റെ ഏററം രസാവഹമായ ശൂന്യശിഷ്ടങ്ങൾ ഇന്നും കാ

ണപ്പെട്ടുന്നു. രണ്ടു ലക്ഷം കയ്യെഴുത്തുപ്രതികൾ ഉണ്ടായിരുന്ന ഒരു വലിയ ലൈബ്രറിക്കു് ഈ നഗരം കീർത്തിപ്പെട്ടിരുന്നു. മാർക്കു് ആന്റണിയാൽ ഈ പുസ്തകശാല ക്ലിയോപാട്രയിക്കു നൽകപ്പെട്ടുകയും തൽഫലമായി അതു് അലക്സന്ത്ര്യായിക്കു കൊണ്ടുപോകപ്പെട്ടുകയും ചെയ്തു. ഇവിടത്തെ മുഖ്യദേവൻ ഔഷധദേവതയായ എസ്കലാപ്പ്യസ് ആയിരുന്നു. ഈ ദേവനെ സർപ്പാകൃതിയിലാണു് ഉണ്ടാക്കിവന്നതു്.

4. തിയത്തീറാ (വെളി. 2: 18) ഇതു ലിഡിയാപ്രാവിൻസിൽ പെർഗ്ഗമോസിൽനിന്നു സർദ്ദീസിലേക്കു പോകുന്ന റോഡിന്റെ തീരത്താകുന്നു. മഹാനായ അലക്സന്തറത്രേ ഈ നഗരം സ്ഥാപിച്ചതു്. ഇതു് അഭിവൃദ്ധിപ്പെട്ടു വരുന്ന ഒരു വ്യവസായനഗരിയാണു്. എങ്കിലും ഇതുവരെയും ഒരു മഹാനഗരമായിത്തീർന്നിട്ടില്ല. കമ്പിളിക്കു ചായംകയററുക എന്നുള്ളതു് ഇവിടത്തെ ഒരുവലിയ വ്യവസായംതന്നെ. തുയത്തൈരയിലെ രക്താംബരം ലോകമെങ്ങും പ്രസിദ്ധിപ്പെട്ടതാകുന്നു. ഇപ്പോൾ ഈ പട്ടണത്തിൽ 17000 നിവാസികൾ മാത്രമേ ഉള്ളൂ.

5. സർദ്ദീസ്. (വെളി 3: 1.) തുയത്തൈരയ്ക്കു 30 മൈൽദൂരെ സ്ഥിതിചെയ്യുന്ന ഒരു പട്ടണം. ഇതു പഴയകാലത്തു മഹാനായ കോരേശിനാൽ വിജിതനായ ലിഡിയാരാജാവായ ക്രീസസ്സിന്റെ രാജധാനിയായിരുന്നു.

6. ഫിലദെല്ഫ്യാ. (വെളി. 3: 7.) സർദ്ദീസിനു് 20 മൈൽ തെക്കുകിഴക്കും സ്മൎന്നയ്ക്കു് 80 മൈൽ കിഴക്കുമത്രേ ഈ പട്ടണം നിന്നിരുന്നതു്. ഇതു് പെർഗ്ഗമോസ് രാജാവായ അററാലസ് ഫിലാഡെൽഫ്യസ്സിനാൽ പണിയിക്കപ്പെട്ടതത്രേ.

7. ലവോദിക്യാ (വെളി. 3: 14.) ഫിലാഡെൽഫ്യായിക്കു 60 മൈൽ തെക്കു കിഴക്കുള്ള ഒരു പട്ടണം. ഇതു് ഫ്രിഗിയാ രാജ്യത്തിന്റെ ഐശ്വര്യസമൃദ്ധമായ രാജധാനിയാകുന്നു. എ. ഡി. 62-ൽ അതു ഭൂകമ്പത്താൽ നശിച്ചുപോയി. ആ നഗരം വീണ്ടും പണിയിക്കുന്നതിനു് റോമയിൽനിന്നു നല്കാമെന്നു വാഗ്ദാനം ചെയ്തിരുന്ന സഹായത്തെ പരിത്യജിക്കത്തക്കവണ്ണം അവിടത്തെ നിവാസികൾ അത്യധനികന്മാരായിരുന്നു. ഈ സഭയ്ക്കു പൗലോസു് ഒരു ലേഖനമെഴുതിയിരുന്നതായി കൊലോസ്സ്യ ലേഖനത്തിൽ കാണുന്നു.

...e No. 83. Dated 8—7—26. Regd. No. T.

# മലങ്കര വിയോജിതൻ.

## വരിസംഖ്യ പ്രതിവർഷം 12 അണ മാത്രം.

സുവിശേഷോപദേശങ്ങളെ പുരസ്കരിച്ചു തിരുവിതാംകൂറിലെ വേർപെട്ട സഹോദരന്മാരുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഒരു പ്രതിമാസപത്രിക.

ഇതിൽ ജീവിതം, ഉപദേശം എന്നീ രണ്ടുപാധികളെ അടിസ്ഥാനമാക്കിയുള്ള പ്രസംഗങ്ങൾ, സഭാചരിത്രപാഠങ്ങൾ, ജീവചരിത്രം, വേദാധ്യയനം, കവനം, വിമർശനം മുതലായവയും വിജ്ഞാനപ്രദങ്ങളായ ഇതരവിഷയങ്ങളും ഉണ്ടായിരിക്കുന്നതാണ്.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

മാനേജർ, വിയോജിതൻ ആപ്പീസ്
ഇടയാറന്മുള–ചെങ്ങന്നൂർ
(കോഴഞ്ചേരി, P. O.)
തിരുവിതാംകൂർ.

---

## വെളിപ്പാടുപുസ്തകം വ്യാഖ്യാനം
## ഒന്നാം ഭാഗം

(ഗ്രന്ഥകർത്താ—കെ. വി. സൈമൺ അവർകൾ.)

അച്ചടിച്ചു തയ്യാറായി വരുന്നു. ആധുനിക പാശ്ചാത്യ പ്രവചനപണ്ഡിതന്മാരുടെ അഭിപ്രായങ്ങളെ പുരസ്കരിച്ചു സഭാചരിത്രസംബന്ധമായും പ്രവചനസംബന്ധമായും അറിഞ്ഞിരിക്കേണ്ട വിലയേറിയ അനേകം സംഗതികൾ അടങ്ങിയ പ്രസ്തുത ഗ്രന്ഥത്തിന് അണ 4 മാത്രം. ആവശ്യക്കാർ വിയോജിതൻ ആഫീസിലേക്കു എഴുതുക.

എന്ന്, സി. കെ. മാത്യു.

---

Printed at the National Printing Hause, Tiruvalla.
& Published at Edayaranmula by C. I. Kunjikka.